കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
www.ksad.kerala.gov.in

# തിരുവമ്പാടി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
കോഴിക്കോട് ജില്ലാ ഓഡിറ്റ് കാര്യാലയം
E-mail: dokkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/കെ.കെ.ഡി/പി1/1961/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

സിവിൽ സ്റ്റേഷൻ, കോഴിക്കോട് .20

ഫോൺ. 0495-2371012

E-mail: dokkd.ksad@kerala.gov.in

തീയ്യതി :17.10.2018

ഡെപ്യൂട്ടി ഡയറക്ടർ,

പ്രസിഡന്റ്, (സെക്രട്ടറി മുഖേന)

തിരുവമ്പാടി ഗ്രാമപഞ്ചായത്ത്, കോഴിക്കോട്

സർ

വിഷയം : കോഴിക്കോട് ജില്ലയിലെ തിരുവമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം.18,1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തിരുവമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകളുടെ പരിശോധന ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമപഞ്ചായത്ത് പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചുതരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടിഡയറക്ടർ

പകർപ്പ്:

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.

3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ/കെ.കെ.ഡി/പി1/1961 /2018 തീയതി:17.10.2018

# കോഴിക്കോട് ജില്ലയിലെ തിരുവമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

കോഴിക്കോട് ജില്ലയിലെ തിരുവമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ഭരണവും സാമ്പത്തിക നിയന്ത്രണങ്ങളും സംബന്ധിച്ച കാര്യങ്ങളും ധനകാര്യ പത്രികയും ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2017 മുതൽ 31.03.2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 29 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട ഓഡിറ്റ് നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും, വിവരങ്ങളുടേയും, വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്തതും പരിശോധിക്കാത്തതുമായ വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സതീഷ് മാവേലി പുത്തൻവീട് ,<br>ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റ് നടത്തിയ തീയതി | 21.07.2018 മുതൽ 01.08.2018 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. പി.കെ.ഉണ്ണി | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.സതീഷ് കുമാർ.സി.പി | അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീ.പി.ഉണ്ണികൃഷ്ണൻ | |
| | ശ്രീ.ഷിബിൻ.കെ.എസ് | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | ശ്രീ.പി.ടി അഗസ്റ്റിൻ | 01-04-2017മുതൽ 31-03-2018വരെ |
| സെക്രട്ടറി | ശ്രീ.അഭിലാഷ്.എ.എൻ | 01-04-2017മുതൽ 08-06-2017വരെ |
| | ശ്രീമതി.ആബിത.ടി | 14-06-2017മുതൽ 05-12-2017വരെ |

| | | |
|---|---|---|
| | ശ്രീ.എൻ.വി.ജോസഫ് | 05-12-2017 മുതൽ 31-3-2018വരെ |
| അസി.സെക്രട്ടറി | ശ്രീമതി.ദേവി കെ | 01-04-2017മുതൽ 31-03-2018വരെ |
| അസി.എഞ്ചിനീയർ | ശ്രീമതി.ഹൃദ്യ ശ്രീനിവാസ് | 01-04-2017മുതൽ 21-06-2017വരെ |
| | ശ്രീമതി.ഹസീന | 22-06-2017മുതൽ 22-08-2017വരെ<br>07-09-2017മുതൽ 08-09-2017വരെ |
| | ശ്രീമതി.അഖില ഉണ്ണികൃഷ്ണൻ | 23-08-2017മുതൽ 02-09-2017വരെ<br>11-09-2017മുതൽ 22-10-2017വരെ |
| | ശ്രീമതി.റാഷി.പി.ആർ | 23-10-2017മുതൽ 20-11-2017വരെ |
| | ശ്രീ.പ്രദീപ് കുമാർ | 20-11-2017മുതൽ 31-03-2018വരെ |
| കൃഷി ഓഫീസർ | ശ്രീ.പ്രകാശ്.പി | 01-04-2017മുതൽ 13-10-2017വരെ |
| | ശ്രീ.നസീർ.ടി.കെ(ഇൻ ചാർജ്) | 13-10-2017മുതൽ 30-10-2017വരെ |
| | ശ്രീമതി.രാജശ്രീ.പി | 30-10-2017മുതൽ 31-03-2018വരെ |
| മെഡിക്കൽ ഓഫീസർ (അലോപ്പതി) | ഡോ. സിൽവിയ | 01-04-2017മുതൽ 31-03-2018വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.കെ.എം.ഗോകുലൻ | 01-04-2017മുതൽ 31-03-2018വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.ജയരാജൻ.ടി.സി | 01-04-2017മുതൽ 31-05-2017വരെ |
| | ഡോ.ജയശ്രീ | 01-06-2017മുതൽ 05-07-2017വരെ |
| | ഡോ.ജയരാജൻ.ടി.സി | 06-07-2017മുതൽ 31-03-2018വരെ |
| വെറ്റിനറി സർജൻ | ഡോ. സുഭാഷ് രാജ്.കെ | 01-04-2017മുതൽ 31-03-2018വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി. റെജിമോൾ | 01-04-2017മുതൽ 31-03-2018വരെ |
| ഹെഡ് മാസ്റ്റർ | ശ്രീമതി.മെഹറുന്നീസ | 01-04-2017മുതൽ 31-03-2018വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.അന്നക്കുട്ടി | 01-04-2017മുതൽ 31-03-2018വരെ |

| | | |
|---|---|---|
| | | |
| വി.ഇ.ഒ | ശ്രീ.സബീഷ് എൻ.ആർ.ടി.കെ | 01-04-2017മുതൽ 31-03-2018വരെ |

## ഉള്ളടക്കം


| ഖണ്ഡിക നമ്പർ | വിഷയം |
|---|---|
| ഭാഗം 1<br>പൊതു അവലോകനം | |
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം |
| 1-7 | തൊഴിലുറപ്പ് പദ്ധതി |
| 1-8 | ക്ഷേമപദ്ധതികൾ |
| 1-9 | കേഷ് വെരിഫിക്കേഷൻ |
| 1-10 | ആഭ്യന്തര നിയന്ത്രണം |
| 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം. |
| 1-12 | വാർഷിക കണക്കുകളിലെ അപാകതകൾ. |
| ഭാഗം 2<br>വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 2-1 | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലാ നിർവ്വഹണം |
| 2-2 | ബജറ്റ് തയ്യാറാക്കൽ - അപാകതകൾ |
| 2-3 | ഒരേ ഉപയോഗക്രമത്തിലുള്ള കെട്ടിടത്തിന് വ്യത്യസ്ത നമ്പർ അനുവദിച്ച് കുറഞ്ഞ നിരക്കിൽ വസ്തു നികുതി ഈടാക്കുന്നു |
| 2-4 | പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിൽ കുറവ് |

| | |
|---|---|
| 2-5 | തൊഴിൽ നികുതി-അപാകതകൾ |
| 2-6 | കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കുന്നില്ല |
| 2-7 | ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ - ചട്ടപ്രകാരം ലൈസൻസ് പുതുക്കുന്നില്ല |
| 2-8 | രശീത് പിരിവിന്റെ മേൽനോട്ടം കൃത്യമായി നിർവ്വഹിക്കുന്നില്ല |
| ഭാഗം 3<br>ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 3-1 | ഗ്രാമസഭകളിൽ ജനപങ്കാളിത്തം വർദ്ധിക്കാനുതകുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ് |
| 3-2 | വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം- കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണ് |
| 3-3 | വികസന സ്റ്റാന്റിംഗ് കമ്മിറ്റി- പ്രവർത്തനം മെച്ചപ്പെടുത്തണം |
| 3-4 | കുറവ് രേഖപ്പെടുത്തിയ ടെൻഡർ സ്വീകരിക്കാതെ എസ്റ്റിമേറ്റ് നിരക്ക് രേഖപ്പെടുത്തിയത് സ്വീകരിച്ചു |
| 3-5 | കല്ല് കെട്ടിയതിന് മുകളിൽ കോൺക്രീറ്റ് ചെയ്തു |
| 3-6 | ടെൻഡറുകളിൽ തിരുത്തൽ കാണുന്നു - പരിശോധനസമയത്ത് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റി കൂടുതൽ ശ്രദ്ധ ചെലുത്തണം |
| 3-7 | ഗുണഭോക്തൃ കമ്മിറ്റി തീരുമാനം എടുക്കുന്നതിന് മുമ്പ് പ്രവൃത്തി ഏറ്റെടുത്ത് നടത്തി |
| 3-8 | വൈദ്യുതീകരണ പ്രൊജക്ടുകൾ നടപ്പാക്കിയതിലെ പോരായ്മ |
| 3-9 | വെള്ളക്കരം -പൊതുടാപ്പുകൾ ഒടുക്കിയതിൻെറ സംയുക്തപരിശോധനാറിപ്പോർട്ട് ലഭ്യമല്ല |
| 3-10 | അസാധാരണചെലവ് റജിസ്റ്റർ സൂക്ഷിക്കുന്നില്ല |
| 3-11 | ആരോഗ്യ, വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി |
| 3-12 | പകർച്ചവ്യാധി നിയന്ത്രണം :നടക്കാത്ത ഇനങ്ങൾക്ക് തുക ചെലവഴിച്ചു |

| | |
|---|---|
| 3-13 | വിവിധ സ്രോതസ്സുകളിൽ നിന്നുള്ള ഫണ്ടുകളുടെ ലഭ്യത ഉറപ്പു വരുത്തുന്നില്ല |
| 3-14 | ലാബിലേക്ക് ഉപകരണങ്ങൾ വാങ്ങൽ :അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത കാരണം ഉപയോഗിക്കാതെ കിടക്കുന്നു |
| 3-15 | ജോലിയുടെ ഭാഗമായുള്ള ചെലവുകൾക്ക് പ്രൊജക്ടിൽ ഉൾപ്പെടുത്തി തുക അനുവദിക്കുന്നു |
| 3-16 | സ്പോർട്സ് പരിശീലനം:തനതു ഫണ്ടിനു പകരം പ്ളാൻഫണ്ട് ഉപയോഗിച്ചു |
| 3-17 | ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല |
| 3-18 | മരുന്ന് വാങ്ങൽ - ആയുർവേദാശുപത്രി സമയപരിധിപാലിക്കുന്നില്ല |
| 3-19 | ഗാർഹികമാലിന്യസംസ്കരണം-റിംഗ് കംമ്പോസ്റ്റ്-ലക്ഷ്യം കൈവരിച്ചിട്ടില്ല |
| 3-20 | സാമൂഹ്യനിതി വനിതാവികസനം വർക്കിങ് ഗ്രൂപ്പ് ഉചിതമായ തീരുമാനം കൈകൊണ്ടിട്ടില്ല |
| ഭാഗം 4<br>പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 4-1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 4-4 | വായ്പ/ വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. |
| 4-8 | ചാർജ്ജ് /സർച്ചാർജ്ജ് നടപടികളുടെ വിവരം |
| 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| അനുബന്ധം 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 30.03.2017 തിയതിയിലെ തീരുമാന നമ്പർ 1 പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 21.03.2018 തിയതിയിലെ തീരുമാന നമ്പർ 1(1) പ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 21.05.2018 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 29.06.2018-30.06.2018 | കെ.എസ്.എ.കെ.കെ.ഡി/ഇ2/1111/2018(63) തീയതി – 06.07.2018 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 17738052 |
| വരവ് | 80452960 |
| ആകെ | 98191012 |
| ചെലവ് | 92953061 |
| നീക്കിയിരിപ്പ് | 5237951 |

## 1-5 ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരമുള്ളത്)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 15734284 | 15734284 | 15674284 | 60000 |
| വികസനഫണ്ട് എസ്.സി.പി. | 0 | 1905002 | 1905002 | 1905002 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 538057 | 538057 | 538057 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 13106949 | 13106949 | 12649099 | 457850 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 5139089 | 5139089 | 5139089 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 9739998 | 9739998 | 9118967 | 621031 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 2490864 | 2490864 | 2490864 | 0 |
| എം.എൻ.ആർ.ഇ.ജി.എസ്. | 735 | 1256091 | 1256826 | 1226030 | 30796 |

| | | | | | |
|---|---|---|---|---|---|
| ബി ഫണ്ട് | 0 | 41221980 | 41221980 | 41221980 | 0 |
| ട്രഷറി ടി.എസ്.ബി (ജനറൽ പർപ്പസ്) | 11167258 | 10282257 | 21449515 | 20647208 | 802307 |
| എസ്.ബി.ടി.പൈക്ക | 33947 | 1264 | 35211 | | 35211 |
| ക്യാഷ് (തനത് ഫണ്ട്) | 201870 | 86023 | 287893 | 201870 | 86023 |
| എസ്.ബി.ടി. വെസ്റ്റേൺ ഘട്ട് | 404 | 630 | 1034 | 83 | 951 |
| എസ്.ബി.ടി. എം പി ഫണ്ട് | 3750 | 1784584 | 1788334 | 1634881 | 153453 |
| എസ്.എം.ജി.ബി. ഐ സി ഡി എസ് | 987563 | 1006750 | 1994313 | 921770 | 1072543 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|
| 244 | 164 | 0 | 80 | 67% |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 735 | 1256091 | 1256826 | 1226030 | 30796 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 10836222 | | 10836222 | |
| മെറ്റീരിയൽ | | 3546508 | | 3546508 | |
| സ്കിൽഡ് | | 1325350 | | 1325350 | |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 92880 | 198 |
| കർഷകതൊഴിലാളി പെൻഷൻ | 7836400 | 664 |
| വിധവാപെൻഷൻ | 11015200 | 925 |
| വാർദ്ധക്യകാലപെൻഷൻ | 18112400 | 1388 |
| വികലാംഗപെൻഷൻ | 3149900 | 284 |
| അവിവാഹിതകൾക്കുള്ള പെൻഷൻ | 535200 | 44 |

| | | |
|---|---|---|
| വിവാഹധനസഹായം | 480000 | 6 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.07.2018 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6903 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിൽ രശീത് പിരിവിന്റെ മേൽനോട്ടത്തിലും വരവ് രജിസ്റ്ററുകളിൽ പൂർണ്ണമായ വിവരങ്ങൾ രേഖപ്പെടുത്തുന്നതിലും വീഴ്ച സംഭവിച്ചിട്ടുണ്ട്.ഫ്രണ്ട് ഓഫീസ് ഡയറി സൂക്ഷിക്കുന്നില്ല.പൗരാവകാശ രേഖ പുതുക്കിയിട്ടില്ല. നികുതി പിരിവിന്റെ അവലോകനം എല്ലാ മാസവും നടത്തുന്നുണ്ട്

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.05.2018 മുതൽ 23.05.2018വരെ | 01.03.2018 മുതൽ 30.04.2018 വരെ | ലഭ്യമായിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 16.12.2016 മുതൽ 29.12.2016 വരെ | 2011-12 മുതൽ 2015-16 വരെ | LBA(HQ)VI/8A 2537/174 തീയതി - 19.01.2017 |

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

ഖണ്ഡിക 1-3 ൽ പരാമർശിച്ച സാക്ഷ്യപത്രത്തിലെ ചുവടെ ചേർത്തിരിക്കുന്ന അപാകതകൾ പരിഹരിക്കാൻ അവശേഷിക്കുന്നു.

1. വസ്തു നികുതി തൻവർഷ/കുടിശ്ശിക ഇനങ്ങളിൽ പിരിച്ചെടുക്കാൻ ബാക്കിയുള്ള തുക ഡിമാന്റ് രജിസ്റ്ററിലും ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ ബി-15 ലും വ്യത്യാസപ്പെട്ടിരിക്കുന്നു.
2. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-17 പ്രകാരം ദുരിതാശ്വാസനിധി അക്കൗണ്ടിലെ 31.03.2018 പ്രകാരമുള്ള നീക്കിയിരിപ്പ് 8,78,136 രൂപയാണ്. എന്നാൽ ഷെഡ്യൂൾ ബി-2 പ്രകാരം ഈയിനത്തിലെ നീക്കിയിരിപ്പ് 13,57,193 രൂപയാണ്
3. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരം Total Sanitation ഇനത്തിൽ 14,37,900 രൂപയും ശുചിത്വമിഷൻ ഗ്രാന്റിനത്തിൽ 9,00,000 രൂപയും നീക്കിയിരിപ്പുണ്ട്. മേൽ തുകകൾ തനത് ഫണ്ട് അക്കൗണ്ടിലാണ് നിക്ഷേപിച്ചിരിക്കുന്നത്. ഈ ഇനങ്ങൾക്ക് എ.സി. ആർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ തുകകളുടെ ചെലവ്/നീക്കിയിരിപ്പ് കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.
4. ഡെപ്പോസിറ്റ് രജിസ്റ്ററിൽ ഹെഡ് അടിസ്ഥാനത്തിൽ സംക്ഷിപ്തം തയ്യാറാക്കിയിട്ടില്ല. ആയതിനാൽ ഡെപ്പോസിറ്റ് ഇനത്തിലെ വരവ് തുകകൾ ആർ.പി. 34 മായി ഒത്തുനോക്കാൻ സാധിച്ചിട്ടില്ല.
5. തിരുവമ്പാടി സർവ്വീസ് സഹകരണ ബാങ്കിലുള്ള തനത് ഫണ്ട് അക്കൗണ്ടിൽ നിന്നും നൽകിയിട്ടുള്ളതും 3 മാസത്തിലധികമായി എൻകാഷ് ചെയ്യാത്തതുമായ ചെക്കുകളുടെ തുക 7828 രൂപ 'liability in respect of stale cheque' എന്ന ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല.
6. വാർഷിക കണക്കിൽ അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

ഇത് കൂടാതെ ഓഡിറ്റിൽ താഴെ പറയുന്ന അപാകത കൂടി ശ്രദ്ധയിൽപ്പെട്ടു.

1.ആസ്തി രജിസ്റ്ററിൽ 2017-18 വർഷത്തിൽ നിർമ്മിക്കപ്പെട്ട ആസ്തികൾ ചേർത്തിട്ടില്ല.
2.ട്രേഡേഴ്സ് ലിസ്റ്റ് ശരിയായ രീതിയിൽ കാലികമാക്കി സാക്ഷ്യപ്പെടുത്താത്തതിനാൽ ഡി &ഒ ലൈസൻസ് ഫീ,തൊഴിൽ നികുതി എന്നിവയുടെ ഡിമാന്റിന്റെ കൃത്യത ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

## ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലാ നിർവ്വഹണം

തിരുവമ്പാടി ഗ്രാമ പഞ്ചായത്തിൽ 2017-18 സാമ്പത്തിക വർഷത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ കീഴിൽ വരുന്ന ചുമതലകൾ നിർവ്വഹിച്ചത് സംബന്ധിച്ച പരിശോധന നടത്തിയതിൽ പൊതുഭരണം മെച്ചപ്പെടുത്തുന്നതിന് വേണ്ടി ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുന്നതിനായി സ്റ്റാന്റിംഗ് കമ്മിറ്റിയിൽ ഇക്കാര്യം അജണ്ട വെച്ച് വേണ്ട രീതിയിൽ ചർച്ച ചെയ്തതായോ അവലോകനം നടത്തിയതായോ കാണുന്നില്ല. പഞ്ചായത്തിൽ ഫ്രണ്ട് ഓഫീസ് ഡയറി സൂക്ഷിക്കുന്നില്ല. ജനങ്ങൾക്ക് ലഭ്യമാകേണ്ട സേവനങ്ങൾ കൃത്യമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളിൽ ഫ്രണ്ട് ഓഫീസ് പ്രവർത്തനത്തിന്റെ അവലോകനം നടത്തേണ്ടതാണ്.

രജിസ്റ്ററുകളുടെയും രേഖകളുടെയും കൃത്യമായ സൂക്ഷിപ്പ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 2017-18 വർഷത്തിൽ ഉറപ്പുവരുത്തിയിട്ടില്ല.വസ്തു നികുതി, തൊഴിൽ നികുതി, ഡി & ഒ ലൈസൻസ് തുടങ്ങിയ ഇനങ്ങളിൽ രജിസ്റ്ററുകളുടെയും രേഖകളുടെയും പരിപാലനത്തിലെ പോരായ്മകൾ റിപ്പോർട്ടിൽ പ്രതിപാദിക്കുന്നുണ്ട്.രജിസ്റ്ററുകളുടെയും രേഖകളുടെയും കൃത്യമായ സൂക്ഷിപ്പ് ഉറപ്പുവരുത്തിയിട്ടില്ലെങ്കിൽ നികുതി നഷ്ടം ഉണ്ടാകാനിടയുണ്ട്.

നികുതികളുടെയും ഫീസുകളുടെയും പ്രതിമാസ പിരിവിന്റെ അവലോകനം,പ്രതിമാസ വരവ് ചെലവുകളുടെ സംഗ്രഹം പരിശോധിക്കൽ എന്നിവ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ യോഗങ്ങളിൽ നടത്തുന്നുണ്ട്. പ്രതീക്ഷിത വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ നികുതി നിർദ്ദേശങ്ങൾ സംബന്ധിച്ച ചർച്ചകൾ 2017-18 ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ യോഗങ്ങളിൽ നടത്തിയിട്ടില്ല.

## 2-2 ബജറ്റ് തയ്യാറാക്കൽ - അപാകതകൾ

തിരുവമ്പാടി ഗ്രാമ പഞ്ചായത്തിന്റെ 2017-18 ബഡ്ജറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട് നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും സ്റ്റാന്റിംഗ് കമ്മിറ്റികളിൽ നിന്നും എസ്റ്റിമേറ്റുകൾ ക്ഷണിക്കാൻ തീരുമാനിക്കുന്നത് 27.02.17 ന് നടന്ന ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിലാണ്.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട്,വകുപ്പ് 214ഉപവകുപ്പ്(1) പ്രകാരം സർക്കാർ അതതു സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും വിധേയമായി 175 ാം വകുപ്പനുസരിച്ച് തയ്യാറാക്കിയതും അനുവദിച്ചതുമായ വികസന പദ്ധതികളുടെ ചെലവ് ഉൾപ്പടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബഡ്ജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനുവരി 15 ാം തീയതിക്ക് മുമ്പായി ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥൻമാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ട് തയ്യാറാക്കേണ്ടതും അത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതുമാണ്. ഉപവകുപ്പ് 1(എ)(1) പ്രകാരം സമർപ്പിക്കപ്പെട്ട നിർദ്ദേശങ്ങളേയും ഈ ആക്ടിലെ എല്ലാ ആവശ്യങ്ങളേയും പരിഗണിച്ചുകൊണ്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അതിൽ നിന്നും പഞ്ചായത്തിന്റെ അടുത്ത വർഷത്തേക്കുള്ള വരവ് ചെലവ് കാണിക്കുന്ന ഒരു ബഡ്ജറ്റ് തയ്യാറാക്കേണ്ടതും അത് പ്രസ്തുത സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചെയർമാൻ മാർച്ച് മാസത്തിലെ ആദ്യത്തെ ആഴ്ച കഴിയുന്നതിനു മുമ്പായി പഞ്ചായത്ത് മുമ്പാകെ,അതിന്റെ ഒരു പ്രത്യേക യോഗത്തിൽ പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പാക്കാനുദ്ദേശിക്കുന്ന വികസന ക്ഷേമപ്രവർത്തനങ്ങൾ സംബന്ധിച്ച ആമുഖ പ്രഖ്യാപനത്തിനുശേഷം,പഞ്ചായത്തിന്റെ അംഗീകാരത്തിനായി വയ്ക്കേണ്ടതാണ്.ആക്ടിൽ നിർദ്ദേശിക്കുന്ന സമയക്രമം 2017-18 ബഡ്ജറ്റ് രൂപീകരണത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പാലിച്ചിട്ടില്ല.ബജറ്റ് തയ്യാറാക്കുന്നതിന് മുൻപ് നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികളിൽ നിന്നുമുള്ള നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ യോഗങ്ങളിൽ ചർച്ച ചെയ്തിട്ടില്ല.

അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.12/17-18 തീയതി-01.08.18 ന് മറുപടി ലഭ്യമായിട്ടില്ല.

## 2-3 ഒരേ ഉപയോഗക്രമത്തിലുള്ള കെട്ടിടത്തിന് വ്യത്യസ്ത നമ്പർ അനുവദിച്ച് കുറഞ്ഞ നിരക്കിൽ വസ്തു നികുതി ഈടാക്കുന്നു

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ നിലവിൽ വന്നതിനാൽ തറവിസ്തീർണം അടിസ്ഥാനമാക്കിയാണ് വസ്തുനികുതി കണക്കാക്കുന്നത്. ഇതിലെ ചട്ടം 2 (എഫ്) പ്രകാരം തറവിസ്തീർണം എന്നാൽ ഓരോ നിലയുടെയും മേൽക്കൂരയുള്ള ഭാഗത്തിന്റെ ചുമർ ഉൾപ്പെടെയുള്ള തറനിരപ്പിന്റെ ആകെ വിസ്തീർണം ആകുന്നു.

ഇതേ ചട്ടങ്ങളിലെ ചട്ടം 2(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ഒരേ സമയം ചട്ടം 4 (1) ൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ അതത് കെട്ടിടഭാഗങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി കെട്ടിട നമ്പർ നൽകേണ്ടതും ഓരോ കെട്ടിടത്തിനും ഈ ചട്ടങ്ങൾ പ്രകാരം വസ്തു നികുതി ചുമത്തേണ്ടതുമാണ് എന്നാണ് നിഷ്കർഷിക്കുന്നത്.

ഗ്രാമപഞ്ചായത്തിൽ 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 40 രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 60 രൂപ നിരക്കിലുമാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്.

എന്നാൽ ചട്ടം 4 (1) ൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്കല്ലാതെ പൂർണ്ണമായും വാണിജ്യാവശ്യത്തിനുപയോഗിക്കുന്ന കെട്ടിടങ്ങളിലെ വിവിധ റൂമുകൾക്ക് വ്യത്യസ്ത നമ്പർ നൽകി വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കിയാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്

ഉദാഹരണങ്ങൾ

1)

| കെട്ടിടം നം | പേര് വിലാസം | രജിസ്റ്റർ പ്രകാരം | ഗ്രാമപഞ്ചായത്ത് | ഗ്രാമപഞ്ചായത്ത് 60 രൂപ നിരക്കിൽ | കുറവ് വന്ന |
|---|---|---|---|---|---|

| | | കെട്ടിടത്തിന്റെ വിസ്തീർണ്ണം, തരം | 40 രൂപ നിരക്കിൽ നിർണ്ണയിച്ച വസ്തുനികുതി (ഇളവ് -10%,വർദ്ധനവ് - 20%) | ഈടാക്കേണ്ടിയിരുന്ന വസ്തുനികുതി (ഇളവ് -10%,വർദ്ധനവ് - 20%) | തുക |
|---|---|---|---|---|---|
| 12/333A | റഹ്മത്തുള്ള, കൊഴങ്ങോടൻ ഹൗസ്,തിരുവമ്പാടി | 17.75 m2 RCC Shop | 821 | 1230 | 409 |
| 12/333B | | 17.75 m2 RCC Shop | 821 | 1230 | 409 |
| 12/333C | | 31.33 m2 RCC Shop | 1448 | 2171 | 723 |
| 12/333D | | 31.33 m2 RCC Shop | 1448 | 2171 | 723 |
| 12/333E | | 15..04 m2 RCC Shop | 696 | 1042 | 346 |
| 12/333F | | 15.04 m2 RCC Shop | 696 | 1042 | 346 |
| | ആകെ | 128.24 m2 | 5930 | 8886 | 2956 |

കെട്ടിടത്തിന് നിർണ്ണയിക്കേണ്ട നികുതി നിരക്ക് 60/- രൂപ

ആകെ തറവിസ്തീർണ്ണം- 128.24ച.മീ

ആകെ തറവിസ്തീർണ്ണത്തന്റെ അടിസ്ഥാനത്തിൽ ഈടാക്കേണ്ട നികുതി - 8886 രൂപ

ഈടാക്കിയ നികുതി - 5930

നിർണ്ണയിച്ച നികുതികൾ തമ്മിലുള്ള വ്യത്യാസം - 2956

2)

| കെട്ടിടം നം | പേര് വിലാസം | രജിസ്റ്റർ പ്രകാരം കെട്ടിടത്തിന്റെ വിസ്തീർണ്ണം, തരം | ഗ്രാമപഞ്ചായത്ത് 40 രൂപ നിരക്കിൽ നിർണ്ണയിച്ച വസ്തുനികുതി (ഇളവുകൾക്കും വർദ്ധനവിനും ശേഷം) | ഗ്രാമപഞ്ചായത്ത് 60 രൂപ നിരക്കിൽ ഈടാക്കേണ്ടി യിരുന്ന വസ്തുനികുതി (ഇളവുകൾക്കും വർദ്ധനവിനും ശേഷം) | കുറവ് വന്ന തുക |
|---|---|---|---|---|---|
| 12/334 D | ടി.ജെ.ജോർജ്ജ് ,തണ്ണിക്കോട്ട്,തിരുവമ്പാടി | 24 m2 RCC Shop | 1109 | 1663 | 554 |

| | | | | | |
|---|---|---|---|---|---|
| | | | | | |
| 12/334 E | | 24 m2 RCC Shop | 1109 | 1663 | 554 |
| 12/334 F | | 24 m2 RCC Shop | 1109 | 1663 | 554 |
| 12/334G | | 24 m2 RCC Shop | 1109 | 1663 | 554 |
| 12/334H | | 30 m2 RCC Shop | 1317 | 2079 | 762 |
| 12/334 I | | 30 m2 RCC Shop | 1317 | 2079 | 762 |
| 12/334 J | | 30 m2 RCC Shop | 1317 | 2079 | 762 |
| 12/334 K | | 30 m2 RCC Shop | 1317 | 2079 | 762 |
| | ആകെ | 216 m2 | 9704 | 14968 | 5264 |
| കെട്ടിടത്തിന് നിർണ്ണയിക്കേണ്ട നികുതി നിരക്ക് 60/- രൂപ<br>ആകെ തറവിസ്തീർണ്ണം- 216 ച.മീ<br>ആകെ തറവിസ്തീർണ്ണത്തന്റെ അടിസ്ഥാനത്തിൽ ഈടാക്കേണ്ട നികുതി -14968 രൂപ<br>ഈടാക്കിയ നികുതി - 9704<br>നിർണ്ണയിച്ച നികുതികൾ തമ്മിലുള്ള വ്യത്യാസം - 5264 | | | | | |
| ആകെ കുറവു വന്ന നികുതി | | | | | 8220 |

വ്യത്യസ്ത ഉപയോഗക്രമങ്ങൾക്കല്ലാതെ ഉപയോഗിക്കുന്ന റൂമുകളെല്ലാം ചേർത്ത് ഒറ്റ കെട്ടിടമായി പരിഗണിച്ച് നികുതി ഈടാക്കാതെ മേൽ വിവരിച്ച പ്രകാരം വ്യത്യസ്ത ഉദ്ദേശത്തിനായി ഉപയോഗപ്പെടുത്തുന്നതായി പരിഗണിച്ച് നികുതി നിർണ്ണയിച്ചതിലൂടെ നികുതി ഇനത്തിൽ കുറവു സംഭവിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ പ്രധാന വരുമാന മാർഗമെന്ന നിലയിൽ കെട്ടിട നികുതി കണക്കാക്കുന്നതിലെ അപാകതകൾ 2016-17 ലെ ഓഡിറ്റ് റിപ്പോർട്ടിൽ വിശദമായി പരാമർശിച്ചിട്ടും മേൽ അപാകതകൾ ആവർത്തിക്കുന്നത് ഈ വിഷയത്തിൽ പഞ്ചായത്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൃത്യമായ പരിശോധനകളും നിർദ്ദേശങ്ങളും നടത്താത്തതിനാലാണ് എന്ന് വിലയിരുത്തുന്നു. വാണിജ്യാവശ്യത്തിനു പയോഗിക്കുന്ന മേൽ പരാമർശിച്ച കെട്ടിടങ്ങളുടെ നികുതി സഞ്ചയ സോഫ്റ്റ് വെയറിൽ പുനർനിർണ്ണയിച്ച് വിവരം അറിയിക്കേണ്ടതാണ്.

അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.13/17-18

തീയതി-01.08.18 ന് മറുപടി ലഭിച്ചിട്ടില്ല.

## 2-4 പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിൽ കുറവ്

തിരുവമ്പാടി ഗ്രാമപഞ്ചായത്തിൽ പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 4 രൂപ നിരക്കിലാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം തറവിസ്തീർണം അടിസ്ഥാനമാക്കിയാണ് വസ്തുനികുതി കണക്കാക്കുന്നത്. ഇതിലെ ചട്ടം 2 (എഫ്) പ്രകാരം തറവിസ്തീർണം എന്നാൽ ഓരോ നിലയുടെയും മേൽക്കൂരയുള്ള ഭാഗത്തിന്റെ ചുമർ ഉൾപ്പെടെയുള്ള തറനിരപ്പിന്റെ ആകെ വിസ്തീർണം ആകുന്നു.

2017-18 വർഷത്തെ കെട്ടിട നികുതി വരവ് പരിശോധനയിൽ പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ ഡാറ്റാ എൻട്രി സഞ്ചയയിൽ നടത്തിയപ്പോൾ കെട്ടിടങ്ങളുടെ വിസ്തീർണ്ണം കുറച്ച് കാണിക്കുന്നത് ശ്രദ്ധയിൽപ്പെട്ടു.

| ക്രമ നം | കെട്ടിടം നം | പേര് വിലാസം | രജിസ്റ്റർ പ്രകാരം കെട്ടിടത്തിന്റെ വിസ്തീർണ്ണം | യഥാർത്ഥത്തിൽ നിർണ്ണയിക്കേണ്ട നികുതി (ഇളവ്-10%, വർദ്ധനവ്-20%) | സഞ്ചയയിൽ ഡാറ്റാ എൻട്രി നടത്തിയ വിസ്തീർണ്ണം | ഈടാക്കിയ നികുതി (ഇളവ്-10%, വർദ്ധനവ്-20%) | കുറവ് വന്ന നികുതി |
|---|---|---|---|---|---|---|---|
| 1 | 17/417A | കുഞ്ഞിമുഹമ്മദ്, ആയിഷാബി അഞ്ചുകണ്ടത്തിൽ, പുല്ലൂരാംപാറ പി.ഒ | 188.72 m2 | 950 | 87.16 | 404 | 546 |
| 2 | 14/416D | ബിജു, നിലക്കുപ്പിളിൽ, തിരുവമ്പാടി | 316.41 m2 | 1463 | 294.28 | 1360 | 103 |
| ആകെ | | | | | | | 649 |

സഞ്ചയയിൽ വിവരങ്ങൾ ചേർക്കുമ്പോൾ തറവിസ്തീർണ്ണം കുറച്ചതിനാൽ നികുതി കണക്കാക്കിയതിൽ കുറവു വന്നിട്ടുണ്ട്. സഞ്ചയയിൽ നടത്തുന്ന ബേസ് ഡാറ്റാ വിവരങ്ങൾ അനുസരിച്ചാണ് ഭാവിയിൽ ഈ കെട്ടിട ഉടമകളിൽ നിന്നും നികുതി ഈടാക്കുന്നത്. വസ്തുനികുതി സഞ്ചയയിൽ ഡാറ്റാ എൻട്രി നടത്തിയത് പുന:പരിശോധിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ വേക്കൻസി റമിഷൻ രജിസ്റ്റർ, വസ്തുനികുതി ഒഴിവാക്കി നൽകുന്നതുമായി ബന്ധപ്പെട്ട രജിസ്റ്റർ, ഡിമോളിഷൻ രജിസ്റ്റർ, വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ, വസ്തുനികുതി നിർണ്ണയ രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 2-5 തൊഴിൽ നികുതി-അപാകതകൾ

i)ഡിമാൻഡ് രജിസ്റ്റർ സൂക്ഷിപ്പിലെ അപാകത

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 205ഐ പ്രകാരം, ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ചുകൊണ്ട് വാർഡ് തിരിച്ചുള്ള ഡിമാൻഡ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. 2017-18ൽ കച്ചവടക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ റജിസ്റ്ററിൽ അപൂർണ്ണമാണ്.കച്ചവടക്കാരന്റെ പേരും ഈടാക്കിയ തുകയും മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ജോലി, സ്ഥാപനം, വിലാസം, അർദ്ധവാർഷികവരുമാനം, സ്ലാബ് എന്നിവ തൊഴിൽ നികുതി ഡിമാന്റ് റജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല . കുടിശ്ശിക ഡിമാൻഡ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

ii)സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

തിരുവമ്പാടി പഞ്ചായത്തിൽ 2017-18 സാമ്പത്തിക വർഷത്തിൽ താഴെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1) മോഡേൺ ഡന്റൽ ക്ലിനിക്ക്

2) അൽഫോൺസ ഹോസ്പിറ്റൽ,തിരുവമ്പാടി

3) ന്യൂ മലബാർ ബ്രിക്സ്,തിരുവമ്പാടി

4) തിരുനേത്ര ഐ ക്ലിനിക്ക് ,തിരുവമ്പാടി

5) തിരുവമ്പാടി ക്ഷീരോൽപാദന സഹകരണ സംഘം

6) ലൂക്കാസ് ഡന്റൽ ക്ലിനിക്ക്

7)ആൽഫ് അക്കാദമി,തിരുവമ്പാടി

8)അനുരാഗ് ഗ്യാസ് ഏജൻസി

9)പുല്ലൂരാംപാറ ക്ഷീരോൽപാദന സഹകരണ സംഘം

iii)അർദ്ധവാർഷിക വരുമാന പത്രികകളിൽ ശമ്പളത്തിന്റെ വിവരങ്ങൾ പൂർണ്ണമല്ല

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, 204, 205 വകുപ്പുകളിലേയും 1996ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലേയും വ്യവസ്ഥകൾ പ്രകാരം തൊഴിൽ നികുതി നൽകാൻ ബാധ്യസ്ഥരായ എല്ലാ ജീവനക്കാരുടെയും 6 മാസത്തെ വരുമാനം നിർണ്ണയിച്ചു കാണിക്കുന്ന പട്ടിക പ്രകാരമായിരിക്കണം അർദ്ധവാർഷിക വരുമാന പത്രിക സമർപ്പിക്കേണ്ടത്. അടിസ്ഥാന ശമ്പളം, ക്ഷാമ ബത്ത, സ്പെഷ്യൽ പേ, അവധി വേതനം, ഉത്സവ ബത്ത, മറ്റു അലവൻസ് എന്നിവയുടെ ആറ് മാസത്തെ ആകെ തുക അർദ്ധവാർഷിക വരുമാന കോളത്തിൽ രേഖപ്പെടുത്തിയ ശേഷമാണ് തൊഴിൽ നികുതി സ്ലാബ് നിർണ്ണയിക്കേണ്ടത്.തിരുവമ്പാടി ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ച അർദ്ധവാർഷിക വരുമാന പത്രികകളിൽ തൊഴിൽ നികുതി സ്ലാബ് നിർണ്ണയത്തിനു വേണ്ട മുഴുവൻ ശമ്പള വിവരങ്ങളും നൽകാത്ത സ്ഥാപനങ്ങളുടെ പേരുകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനം |
|---|---|
| 1 | കൊശമറ്റം ഫിനാൻസ് ,തിരുവമ്പാടി |
| 2 | അൽഫോൺസ കോളജ്,തിരുവമ്പാടി |
| 3 | മുത്തൂറ്റ് ഫിൻ കോർപ്പ്,തിരുവമ്പാടി |
| 4 | ലിസ ഹോസ്പിറ്റൽ,തിരുവമ്പാടി |
| 5 | കയത്തിങ്കൽ ഫ്യൂവൽസ്,തിരുവമ്പാടി |
| 6 | ആൽഫ അക്കാദമി,തിരുവമ്പാടി |
| 7 | അനുരാഗ് ഗ്യാസ് ഏജൻസി,തിരുവമ്പാടി |

തൊഴിൽ നികുതി നിർണ്ണയം,ഡിമാന്റ് റജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തൽ എന്നിവയുടെ മേൽനോട്ടം കൃത്യമായി നടത്താനുള്ള നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളിൽ നൽകേണ്ടതാണ്.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.15/17-18 തീയതി-01.08.18 ന് മറുപടി ലഭ്യമായിട്ടില്ല.

## 2-6 കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കുന്നില്ല

തിരുവമ്പാടി പഞ്ചായത്തിൽ 2017-18 സാമ്പത്തിക വർഷത്തിൽ വിവിധ കരാർ ജോലികൾ ഏറ്റെടുത്ത് നടത്തിയ താഴെ ചേർക്കുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1) ജോൺ.പി.യു,പുളിമൂട്ടിൽ വീട്,കൂടരഞ്ഞി ബസാർ

2) സണ്ണി ആക്കേൽ,ആക്കേൽ വീട്,തിരുവമ്പാടി

3) മോഹനൻ,കാരുവായിക്കൽ,കൂടരഞ്ഞി

4) ബിജോ.കെ.പി,കാരക്കാട്ട്,പുത്തൻപുരയ്ക്കൽ

5) ജഗീഷ് കുമാർ,കുന്നമ്മൽ വീട്,തൊണ്ടിമ്മൽ

6) സിനോ ജോസഫ്,കീത്താപ്പിള്ളിൽ,കൂടരഞ്ഞി

7) ഷൈജു.എ.പി,ഇളയതൊടികയിൽ,മുക്കം

8)മുഹമ്മദ് ബഷീർ,മാനാമ്പറ്റ,ഓമശ്ശേരി

9)പി.കെ.മോഹനൻ,പടിഞ്ഞാറകുന്നത്ത്,കാരശ്ശേരി

10)വില്ലിംഗ്ടൺ സാമുവൽ,മണ്ഡലത്ത്,എടക്കര

11)ജോർജ് പി.വി,പുളിമൂട്ടിൽ വീട്,കുമ്പാറ ബസാർ

12)ജമാൽ.ഇ,എളിയങ്ങോട്ട്,ആനക്കാംപൊയിൽ

മേൽപ്പറഞ്ഞ കരാറുകാരിൽ നിന്ന് 17-18 ലെ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ രശീത് നമ്പരും തീയതിയും സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

i)തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

തിരുവമ്പാടി പഞ്ചായത്തിൽ 2017-18 സാമ്പത്തിക വർഷത്തിൽ ലഭിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചപ്പോൾ താഴെ പറയുന്ന സ്ഥാപനങ്ങളിൽ ഒന്നിലധികം ജീവനക്കാർ ജോലിചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടു.

| ക്രമ നം | വാർഡ്/ കെട്ടിട നം | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | 14/985 | പി.ജെ.വെജിറ്റബൾസ് | 3 |
| 2 | 15/303B | ആദിത്യ ഗാർഡൻസ്&നഴ്സറി | 2 |
| 3 | 14/1219 | നീതി മെഡിക്കൽസ് | 3 |

| | | | |
|---|---|---|---|
| 4 | 14/723-728 | എം.പി.ട്രേഡേഴ്സ് | 3 |
| 5 | 14/160 | ഹോട്ടൽ വിനോദ് | 3 |
| 6 | 13/298A | അനുഗ്രഹ ബുക്ക് ബൈന്റിംഗ് | 2 |
| 7 | 14/1278 | കെ.ആർ. ബേക്കറി | 2 |
| 8 | 14/1004 | ലിസി ബാഗ്സ് | 2 |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി റിട്ടേൺ സ്ഥാപന ഉടമകൾ പഞ്ചായത്തിൽ സമർപ്പിച്ചിട്ടില്ല. ഇവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയതായി ഡിമാന്റ് റജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. മേൽപ്പറഞ്ഞ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ജീവനക്കാരന്റെ പേര്,അർദ്ധവാർഷിക വരുമാനം,ഈടാക്കിയ നികുതി,രസീത് നം,തീയതി സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്

## 2-7 ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ - ചട്ടപ്രകാരം ലൈസൻസ് പുതുക്കുന്നില്ല

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങളിലെ, ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിന് മുപ്പത് ദിവസം മുമ്പായി സമർപ്പിക്കേണ്ടതാണ്. കൂടാതെ, ചട്ടം 8 പ്രകാരം ഏതൊരു ലൈസൻസിന്റേയും കാലാവധി ആ സാമ്പത്തിക വർഷം അവസാനിക്കുന്നതും, അല്ലാത്ത പക്ഷം ലൈസൻസിന്റെ കാലാവധി പ്രസിഡന്റ് ഒരു മുൻ തിയ്യതിയിൽ അതിന്റെ കാലാവധി അവസാനിക്കണമെന്ന് പ്രത്യേക കാരണങ്ങളാൽ കരുതുകയാണെങ്കിൽ അതിൽ പ്രത്യേകം പറയാവുന്ന മുൻ തിയ്യതിയിൽ അവസാനിക്കുന്നതുമാകുന്നു.

2017-18 വർഷത്തിൽ ഗ്രാമ പഞ്ചായത്തിലെ ലൈസൻസ് പുതുക്കുന്നതിനായുള്ള അപേക്ഷകളും രജിസ്റ്ററും പരിശോധിച്ചതിൽ, 612 സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കുന്നതിനും, പുതിയ ലൈസൻസിനുമായി അപേക്ഷിച്ചിട്ടുണ്ട്. മേൽ ചട്ടം പ്രകാരം ഗ്രാമപഞ്ചായത്തിൽ നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ എല്ലാം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ 2017 ഫെബ്രുവരി മാസത്തിൽ തന്നെ നൽകേണ്ടതായിരുന്നു. ഇവയിൽ 46 എണ്ണം മാത്രമാണ് പുതുക്കുന്നതിനുള്ള അപേക്ഷ ഫെബ്രുവരിയിൽ നൽകിയത്. ബാക്കി സ്ഥാപനങ്ങൾ ഏപ്രിൽ മുതൽ മാർച്ച് വരെയുള്ള മാസങ്ങളിലായാണ് ലൈസൻസ് പുതുക്കിയിട്ടുള്ളത്. താമസിച്ച് സമർപ്പിച്ച അപേക്ഷകളിൻമേൽ ലൈസൻസ് ഫീസിന്റെ 25 ശതമാനം അധിക ഫീസ് ചുമത്തിയിട്ടുണ്ട്. സാമ്പത്തിക വർഷം അവസാനിച്ച് പിന്നീട് ലൈസൻസ് പുതുക്കുന്നത് വരെ ഇത്തരം സ്ഥാപനങ്ങൾ നിയമവിരുദ്ധമായാണ് പ്രവർത്തിച്ചിട്ടുള്ളത്.

ചട്ടങ്ങളിൽ പറയുന്ന പ്രകാരമല്ലാതെ ലൈസൻസ് പുതുക്കി നൽകിയതിന് വിശദീകരണം നൽകേണ്ടതും, സ്ഥാപനങ്ങൾ നിയമവിരുദ്ധമായി പ്രവർത്തിക്കുന്നതിനുള്ള സാഹചര്യം ഒഴിവാക്കുന്നതിന് സ്വീകരിച്ച നടപടി വിശദീകരിക്കേണ്ടതുമാണ്.

മറ്റ് അപാകതകൾ

1. ലൈസൻസ് ഫീ ഈടാക്കിയതിൽ കുറവ്

സൂര്യ വസ്ത്രാലയം(14/1391,1392) എന്ന സ്ഥാപനത്തിന്റെ വിറ്റുവരവ് 15,000/- രൂപ എന്ന് അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിന് ആനുപാതികമായ ലൈസൻസ് ഫീ. 300/- രൂപയാണെങ്കിലും

ഈടാക്കിയിരിക്കുന്നത് 200/- രൂപയാണ്.

2. <u>ചട്ട പ്രകാരമല്ലാതെ ലൈസൻസ് ഫീ പിരിക്കുന്നു</u>

ലൈസൻസിനായുള്ള അപേക്ഷകൾ പരിശോധിച്ചതിൽ ചട്ടം 7 പ്രകാരമുള്ള ലൈസൻസ് ഫീ ചുമത്തിയതിൽ അപാകത കാണുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ:

| വാർഡ്/കെട്ടിട നം | സ്ഥാപനം | ശരാശരി വിറ്റുവരവ് | ഈടാക്കിയ ലൈസൻസ് ഫീ |
|---|---|---|---|
| 2/444 | എ.പി.ട്രേഡേഴ്സ് | 1,000/- | 200/- |
| 7/370 | വളം വിൽപ്പന കേന്ദ്രം | 1,000/- | 300/- |
| 11/130 | വി.കെ.ഇൻഡസ്ട്രീസ് | 1,000/- | 500/- |
| 17/369,370,371 | കെ.ആർ.ട്രേഡേഴ്സ് | 2,000/- | 200/- |
| 14/1018 | പി.ജെ.ഡി.ട്രേഡേഴ്സ് | 2,000/- | 300/- |
| 14/1219 | നീതി മെഡിക്കൽസ് | 2,000/- | 1000/- |

ഒരേ വിറ്റുവരവുള്ള സ്ഥാപനങ്ങൾക്ക് പല തരത്തിൽ ലൈസൻസ് ഫീ വാങ്ങാതെ, ചട്ടപ്രകാരമുള്ള ലൈസൻസ് ഫീ ഈടാക്കേണ്ടതാണ്.

3. ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആയത് സാക്ഷ്യപ്പെടുത്തി ഹാജരാക്കേണ്ടതാണ്.

4. 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, പട്ടിക 2,3,4 പ്രകാരം വിറ്റുവരവിനെ അല്ലെങ്കിൽ യന്ത്രത്തിന്റെ കുതിര ശക്തിയെ അടിസ്ഥാനപ്പെടുത്തിയാണ് ലൈസൻസ് ഫീ നിശ്ചയിക്കേണ്ടത്. എന്നാൽ തിരുവമ്പാടി ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ച പല ഡി & ഒ അപേക്ഷകളിലും വിറ്റുവരവ് കോളം പൂരിപ്പിച്ചിട്ടില്ല. വിറ്റുവരവ് കണക്കാക്കാൻ ബുദ്ധിമുട്ടുള്ള സംഗതിയിൽ സ്ഥാപനത്തിന്റെ മൂലധനനിക്ഷേപത്തിന്റെ അഞ്ച് ശതമാനം ഒരു ദിവസത്തെ വിറ്റു വരവായി കണക്കാക്കേണ്ടതാണ്. എന്നാൽ അപ്രകാരമുള്ള നടപടിയും സ്വീകരിച്ചു കാണുന്നില്ല.ഡി & ഒ ലൈസൻസ് ഫീസ് നിർണ്ണയിക്കുന്നതും ബന്ധപ്പെട്ട രേഖകളുടെ കൃത്യതയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.22/17-18 തീയതി-01.08.18 ന് മറുപടി ലഭ്യമായിട്ടില്ല.

## 2-8 <u>രശീത് പിരിവിന്റെ മേൽനോട്ടം കൃത്യമായി നിർവ്വഹിക്കുന്നില്ല</u>

തിരുവമ്പാടി ഗ്രാമ പഞ്ചായത്തിലെ 2017-18 വർഷത്തെ ഔട്ട് ഡോർ കളക്ഷൻ രജിസ്റ്ററുകൾ,രശീത് ബുക്കുകൾ എന്നിവ പരിശോധിച്ചപ്പോൾ ദൈനംദിന പണപ്പിരിവ്, ഒടുക്ക് എന്നിവയുടെ മേൽനോട്ടം കൃത്യമായി നിർവ്വഹിക്കുന്നില്ലെന്ന് ബോധ്യപ്പെട്ടു. ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ കളക്ഷൻ രജിസ്റ്ററുകൾ,രശീത് ബുക്കുകൾ എന്നിവ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ശ്രീ.നവീൻ.എസ്,ക്ലാർക്കിന് ഇഷ്യു ചെയ്ത ബുക്ക് നമ്പർ 964 ലെ 31 മുതൽ 74 വരെയുള്ള രശീതുകൾ ഉപയോഗിച്ച് 09.01.18,10.01.18 തീയതികളിൽ പിരിച്ച 41986 രൂപയും 75 മുതൽ 92 വരെയുള്ള രശീതുകൾ ഉപയോഗിച്ച് 15.01.18 ന് പിരിച്ച 5491 രൂപയും ഒടുക്കിയതിന്റെ ക്യാഷ് രശീതുകൾ ഔട്ട് ഡോർ കളക്ഷൻ രജിസ്റ്ററിൽ ചേർത്തു വച്ചിട്ടില്ല.

941,961,949,964,965,970,3238,3243,3249എന്നീ രശീത് ബുക്കുകളുടെ പേജുകളുടെ എണ്ണം സെക്രട്ടറി സാക്ഷ്യപ്പെടുത്താതെയാണ് കളക്ഷന് നൽകിയിരിക്കുന്നത്.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി

നം.23/17-18 തീയതി-01.08.18 ന് മറുപടി ലഭ്യമായിട്ടില്ല. രശീതി പിരിവിന്റെയും ഒടുക്കലിന്റെയും കൃത്യത ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ഗ്രാമസഭകളിൽ ജനപങ്കാളിത്തം വർദ്ധിക്കാനുതകുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 3(2) അനുസരിച്ച് ഒരു ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശത്തിലുൾപ്പെട്ട ഒരു ഗ്രാമത്തെ വോട്ടർപ്പട്ടികയിൽ പേര് ചേർത്തിട്ടുള്ള എല്ലാ ആളുകളും ചേർന്നതാണ് ആ വാർഡിലെ ഗ്രാമസഭ. വകുപ്പ് 3 എ യിൽ ഗ്രാമസഭയുടെ അധികാരങ്ങളും ചുമതലകളും അവകാശങ്ങളും പ്രതിപാദിച്ചിട്ടുണ്ട്. 2017-18 വർഷത്തെ ഗ്രാമസഭാമിനുട്സ് പരിശോധിച്ചതിൽ ചുവടെ ചേർത്തിരിക്കുന്ന അപാകതകൾ കാണുന്നു.

1) എല്ലാ വാർഡുകളിലെ ഗ്രാമസഭകളിലും ഏറെക്കുറെ ക്വാറത്തിനടുത്ത ആളുകൾ മാത്രമേ പങ്കെടുത്തിട്ടുള്ളൂ. ബാക്കി 90% വോട്ടർമാരും ഇതിന്റെ ഭാഗവാക്കാവാതെ നിൽക്കുന്നു.

2) ഓരോ വാർഡിന്റേയും പ്രശ്നങ്ങളേയോ പരിഹാരങ്ങളേയോ കുറിച്ച് സമഗ്രമായ ചർച്ചകളോ നിർദ്ദേശങ്ങളോ ഉരുത്തിരിയുന്നില്ല.

3) ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനായി ചേരുന്ന ഗ്രാമസഭകളിൽ മാത്രമേ ക്വാറത്തിനടുത്ത ആളുകൾ പങ്കെടുക്കുന്നുള്ളൂ. മറ്റു ഗ്രാമസഭകളിലെ ജനകീയ പങ്കാളിത്തം വളരെ കുറവാണ്.

4) എല്ലാ ഗ്രാമസഭകളിലും പൊതുവായ നിർദ്ദേശങ്ങൾ മാത്രമേ വരുന്നുള്ളൂ. പ്രദേശത്തിന്റെ പ്രത്യേകത, അവിടങ്ങളിലെ പ്രധാന പ്രശ്നങ്ങൾ, അത് പരിഹരിക്കാൻ കഴിയുന്ന നിർദ്ദേശങ്ങൾ എന്നിവ വിശദമായി ചർച്ച ചെയ്യുന്നില്ല.

5) ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് സംബന്ധിച്ച് പ്രത്യേക നിർദ്ദേശങ്ങളൊന്നും ഒരു ഗ്രാമസഭയും തയ്യാറാക്കിയിട്ടില്ല.

6) ഗ്രാമസഭയുടെ തീരുമാനങ്ങൾ സംബന്ധിച്ച് എടുത്തിട്ടുള്ള തുടർനടപടികളെക്കുറിച്ചും ഏതെങ്കിലും തീരുമാനം നടപ്പാക്കിയിട്ടില്ലെങ്കിൽ അതിനുള്ള വിശദമായ കാരണങ്ങളെക്കുറിച്ചും അറിയാവുന്നതാണെന്ന് പഞ്ചായത്ത് രാജ് നിയമത്തിൽ പറയുന്നുണ്ടെങ്കിലും ഇത്തരം ചർച്ചകളൊന്നും നടക്കാറില്ല.

7) ഗ്രാമസഭയുടെ പ്രദേശത്തെ ശുദ്ധജലവിതരണം, തെരുവ് വിളക്ക് കത്തിക്കൽ എന്നീ സംവിധാനങ്ങളിലെ പോരായ്മകൾ കണ്ടുപിടിക്കുകയും പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്യേണ്ടതാണെങ്കിലും പല ഗ്രാമസഭകളും ഇത്തരം കാര്യങ്ങൾ ചെയ്യുന്നില്ല.

8) റോഡുകളെ സംബന്ധിച്ച നിർദ്ദേശങ്ങളാണ് അധിക ഗ്രാമസഭകളിലും ചർച്ച ചെയ്യപ്പെടുന്നത്.

9) വകുപ്പ് 3 പ്രകാരം ഗ്രാമസഭയുടെ പരിഗണനയ്ക്ക് വരുന്ന ഓഡിറ്റ് റിപ്പോർട്ടിനെക്കുറിച്ചോ യോഗത്തിൽ ചർച്ച ചെയ്യേണ്ടതും അതിന്റെ അഭിപ്രായങ്ങളും ശുപാർശകളും നിർദ്ദേശങ്ങളും ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിനെ അറിയിക്കേണ്ടതുമാണ്. എന്നാൽ ഇത്തരം കാര്യങ്ങൾ ഒരു ഗ്രാമസഭകളിലും ചർച്ച ചെയ്യപ്പെടുന്നില്ല.

10) വകുപ്പ് 3എ(1)(ജെ) പ്രകാരം സർക്കാരിൽ നിന്നും ലഭിക്കുന്ന പെൻഷൻ, സബ്സിഡി എന്നിവ പോലുള്ള വിവിധതരം ക്ഷേമസഹായങ്ങൾ ലഭിക്കുന്ന ആളുകളുടെ അർഹത പരിശോധിക്കൽ ഗ്രാമസഭകളുടെ ചുമതലകളാണെങ്കിലും അത്തരത്തിൽ ഒന്നും ചെയ്തതായി കാണുന്നില്ല.

11) വകുപ്പ് 3എ(1)(ഐ) ഗ്രാമപഞ്ചായത്ത് പ്രദേശത്ത് വികസന പ്രവർത്തനങ്ങൾ നടത്തുന്ന ഗുണഭോക്തൃകമ്മിറ്റികളെ നിരീക്ഷിക്കുകയും സഹായിക്കുകയും ചെയ്യേണ്ടതാണെങ്കിലും അത്തരത്തിൽ ചെയ്തതായി കാണുന്നില്ല.

<u>നിർദ്ദേശങ്ങൾ</u>

1) എല്ലാ തരത്തിലുള്ള ആളുകളേയും ഗ്രാമസഭയിലെത്തിക്കാൻ വേണ്ട ബോധവത്കരണം നടത്തുക. ഗ്രാമസഭയെന്നാൽ കേവലം ജനകീയാസൂത്രണ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനായി ചേരുന്ന യോഗം മാത്രമല്ലെന്നും ആ ഗ്രാമത്തിലെ എല്ലാ തരത്തിലുള്ള ആസൂത്രണങ്ങളുടേയും ഉറവിടം ഗ്രാമസഭയിൽ നിന്നാണെന്ന ബോധം ജനങ്ങളിലെത്തിക്കാനുള്ള നടപടികൾ സ്വീകരിക്കുക.

2) ഗ്രാമസഭയിൽ ക്രിയാത്മകമായ ചർച്ച ഉയർത്തിക്കൊണ്ടുവരേണ്ടതും, ചർച്ച ചെയ്യാനുള്ള സാഹചര്യം സൃഷ്ടിക്കുകയും ചെയ്യുക.

3) ഗ്രാമസഭയിലെ പ്രധാനപ്പെട്ട നിർദ്ദേശങ്ങൾക്ക് ഭരണസമിതി അർഹമായ പ്രാധാന്യം നൽകാറുണ്ട് എന്ന് ജനങ്ങളെ വിശ്വസിപ്പിക്കാൻ കഴിയുക.

4) ഗ്രാമസഭാ നിർദ്ദേശങ്ങളാണ് വർക്കിംഗ് ഗ്രൂപ്പ്, വികസന സെമിനാർ എന്നിവയിലൂടെ ഉരുത്തിരിഞ്ഞ് പ്രൊജക്ടുകളായി രൂപപ്പെടേണ്ടത്.

5) ജനങ്ങൾക്ക് പൊതുവേ സൗകര്യപ്രദമായ ദിവസം സൗകര്യപ്രദമായ സമയത്ത് ഗ്രാമസഭ വിളിച്ച് കൂട്ടുക. എല്ലാവരേയും അറിയിക്കുക.

## 3-2 <u>വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം- കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണ്.</u>

ഗ്രാമപഞ്ചായത്തിലെ വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ പൊതുവെ ഗ്രാമസഭകളിൽ നിർദ്ദേശിക്കുന്ന എല്ലാ കാര്യങ്ങളും വിശദമായി ചർച്ച ചെയ്യപ്പെടുന്നില്ല. പ്രൊജക്ടുകളുടെ നിർവ്വഹണഘട്ടത്തിലെ പുരോഗതി വിലയിരുത്തൽ നടത്തുന്നില്ല. അധിക വർക്കിംഗ് ഗ്രൂപ്പുകളും 2017-18 വർഷത്തെ വികസന സെമിനാറിൽ പങ്കെടുത്തതിന് ശേഷം പിന്നീട് ചേർന്നത് 2018-19 വർഷത്തെ പദ്ധതികൾ രൂപീകരിക്കുന്നതിനാണ്. മോണിട്ടറിംഗ് സമിതിയായി ഒരു വർക്കിംഗ് ഗ്രൂപ്പും പ്രവർത്തിക്കുന്നില്ല.

പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിൽ വിവിധ ഗ്രാമസഭകളിൽ നിർദ്ദേശിക്കപ്പെടുന്ന റോഡ്, മറ്റ് കെട്ടിട നിർമ്മാണങ്ങൾ എന്നിവ വിശദമായി ചർച്ച ചെയ്ത് മുൻഗണന നിശ്ചയിക്കുന്നില്ല. അതിനാൽ ഏറ്റവും അധികം പ്രാധാന്യം കൊടുക്കേണ്ട പ്രവൃത്തികളുടെ പ്രൊജക്ട് തന്നെയാണോ മുൻഗണന ക്രമത്തിൽ തയ്യാറാക്കിയതെന്ന് പരിശോധിക്കാൻ കഴിയില്ല. പൊതുവായ നിർദ്ദേശങ്ങൾ നൽകുക മാത്രമാണ് വർക്കിംഗ് ഗ്രൂപ്പുകളിൽ നടക്കുന്നത്. റോഡുകളുടെ പ്രൊജക്ട് വാർഡടിസ്ഥാനത്തിലാണ് തയ്യാറാക്കുന്നത്. വിവിധ വാർഡുകളിലെ ഗ്രാമസഭാ നിർദ്ദേശങ്ങൾ ചർച്ച ചെയ്തു എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അത് സംബന്ധിച്ച ചർച്ച കണ്ടില്ല. പ്രൊജക്ടുകളുടെ എണ്ണം കുറയ്ക്കേണ്ട ആവശ്യകത പറഞ്ഞിട്ടുണ്ടെങ്കിലും പ്രാവർത്തികമാക്കിയിട്ടില്ല. സോളാർ പാനൽ നിർമ്മിച്ച് വൈദ്യുതീകരണം പ്രോത്സാഹിപ്പിക്കുന്നതിനുള്ള മുൻഗണന നൽകണമെന്ന് വ്യക്തമാക്കിയിട്ടുണ്ടെങ്കിലും ഇതുമായി ബന്ധപ്പെട്ട പ്രൊജക്ടുകൾ രൂപപ്പെട്ടുവന്നില്ല.

കുടിവെള്ളം, ശുചിത്വം വർക്കിംഗ് ഗ്രൂപ്പ് 2017-18 വർഷത്തിൽ 3 തവണ യോഗം ചേർന്നു. 7.2.2017 ന് ചേർന്ന യോഗത്തിൽ 19 നിർദ്ദേശങ്ങൾ ഉയർന്ന് വന്നിട്ടുണ്ട്. എന്നാൽ വിശദമായി ഇവയുടെ സാധ്യത പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. തൻവർഷം നടപ്പിലാക്കുന്ന പ്രൊജക്ടുകളുടെ വിലയിരുത്തൽ നടത്തിയിട്ടില്ല. 7.2.17 യോഗം ചേർന്നതിന് ശേഷം , തുടർന്നുള്ള യോഗം 27.2.2018 നാണ് നടന്നത്. പ്രൊജക്ടുകളുടെ തുടർ നടപടികളിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നില്ല.

പട്ടികജാതി വികസനം വർക്കിംഗ് ഗ്രൂപ്പ് തൻവർഷം 3 തവണ യോഗം ചേർന്നിട്ടുണ്ട്. എങ്കിലും ഈ വിഭാഗത്തിന്റെ അടിസ്ഥാന പ്രശ്നങ്ങൾ ചർച്ച ചെയ്യപ്പെട്ടില്ല. പ്രശ്നങ്ങൾക്ക് അനുസരിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ ആണോ നൽകിയതെന്നും വ്യക്തമല്ല. കേവലം കുറേ നിർദ്ദേശങ്ങൾ നൽകുക മാത്രമാണ് ചെയ്തത്. 29.5.2017 ന്

വികസന സെമിനാർ കഴിഞ്ഞതിന ശേഷം 2018-19 വർഷത്തെ പദ്ധതി രൂപീകരണത്തിനാണ് വീണ്ടും ചേർന്നത്. തൻവർഷം നടപ്പിലാക്കുന്ന പ്രൊജക്ടുകളുടെ വിലയിരുത്തൽ നടത്തിയിട്ടില്ല. ഏതെങ്കിലും മേഖലകളിലോ പ്രദേശങ്ങളിലോ ഉള്ള പ്രശ്നങ്ങൾ ചർച്ച ചെയ്തിട്ടില്ല.

നൽകിയിട്ടുണ്ട്. എന്നാൽ ഇത്തരം വ്യവസായങ്ങളുടെ സാധ്യത, നൽകുന്ന തൊഴിൽ അവസരങ്ങൾ ഇവ വ്യക്തമായി ചർച്ച ചെയ്തിട്ടില്ല. ഗ്രാമ പഞ്ചായത്തിലെ യുവാക്കളുടെ തൊഴിലില്ലായ്മ നിരക്ക് , അവർക്ക് തുടങ്ങാവുന്ന സ്വയം തൊഴിൽ സംരംഭങ്ങൾ ഇതിന് ആവശ്യമായ സാമ്പത്തിക ഉറവിടം എന്നിവയൊന്നും ചർച്ച ചെയ്യപ്പെട്ടിട്ടില്ല. വർക്കിംഗ് ഗ്രൂപ്പിൽ ചർച്ച ചെയ്യപ്പെടുന്ന നിർദ്ദേശങ്ങളൊന്നും പ്രൊജക്ടുകളായി രൂപപ്പെടുന്നില്ല. പ്ലാസ്റ്റിക് ഉപയോഗം കുറയ്ക്കാൻ തുണിസഞ്ചി ഉണ്ടാക്കുന്ന യൂണിറ്റുകളെ കുറിച്ച് ചർച്ച നടന്നെങ്കിലും തുടർ നടപടികൾ ഉണ്ടായില്ല.

മൃഗസംരക്ഷണവും ക്ഷീരവികസനവും വർക്കിംഗ് ഗ്രൂപ്പിൽ ഈ മേഖലയിലെ നിലവിൽ നേരിടുന്ന വെല്ലുവിളി, ഇവ പരിഹരിക്കാനാവശ്യമായ നടപടികൾ ഗ്രാമപഞ്ചായത്തിന് സഹായിക്കാൻ കഴിയുന്ന മേഖലകൾ ഇവയൊന്നും ചർച്ച ചെയ്തിട്ടില്ല. ദുർബ്ബലവിഭാഗങ്ങളെ കൂടുതൽ ഈ മേഖലയിലേക്ക് ആകർഷിക്കാനും അവരുടെ ജീവിത നിലവാരം വർദ്ധിപ്പിക്കാൻ ആവശ്യമായ നടപടികളും ചർച്ച ചെയ്യപ്പെട്ടിട്ടില്ല. നിലവിൽ തുടർന്നുവരുന്ന പ്രൊജക്ടുകളുടെ നിർദ്ദേശങ്ങൾ മാത്രമേ ഇത്തവണയും ഉണ്ടായിട്ടുള്ളൂ. 29.5.2017 ന് വികസന സെമിനാർ കഴിഞ്ഞതിന ശേഷം 2018-19 വർഷത്തെ പദ്ധതി രൂപീകരണത്തിനാണ് വീണ്ടും ചേർന്നത്. തൻവർഷം നടപ്പിലാക്കുന്ന പ്രൊജക്ടുകളുടെ വിലയിരുത്തൽ നടത്തിയിട്ടില്ല.

വിദ്യാഭ്യാസം, കല മുതലായ വർക്കിംഗ് ഗ്രൂപ്പിൽ ചില നിർദ്ദേശങ്ങൾ ഉണ്ടായിട്ടുണ്ട്. എന്നാൽ അതിന്റെ തുടർച്ച ഉണ്ടായിട്ടില്ല. വർക്കിംഗ് ഗ്രൂപ്പ് പദ്ധതി ആസൂത്രണം, വികസന സെമിനാർ മുതലായവയ്ക്കാണ് കൂടുന്നത്. അതിന് ശേഷം പ്രൊജക്ടുകളുടെ നിർവ്വഹണ പുരോഗതി ഒരിയ്ക്കലും വിലയിരുത്തൽ നടത്തുന്നില്ല.

സാമൂഹ്യനീതി വർക്കിംഗ് ഗ്രൂപ്പിൽ വൃദ്ധൻമാരുടേയും അംഗൻവാടി കുട്ടികളുടേയും നിർദ്ദേശങ്ങളും ചർച്ച ചെയ്തിട്ടുണ്ട്. പക്ഷേ അത് പരിഹൃതമാകുന്ന വിധത്തിൽ പ്രൊജക്ടുകളായി രൂപാന്തരപ്പെട്ടിട്ടില്ല. പ്രശ്നങ്ങളെ പരിഹരിക്കാവുന്ന രൂപത്തിൽ സമീപിച്ചിട്ടില്ല. പ്രൊജക്ട് നിർദ്ദേശങ്ങൾ വെച്ചിട്ടുണ്ട്. തുടർ നടപടികൾ ഉണ്ടായില്ല.

വനിതാ ശിശു- വികസനം വർക്കിംഗ് ഗ്രൂപ്പിൽ പഞ്ചായത്തിൽ വനിതകൾ നേരിടുന്ന വെല്ലുവിളി, അതിന്റെ പരിഹാരം അവരുടെ ക്ഷേമത്തിന് വേണ്ട പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പാക്കുക തുടങ്ങിയവ ചെയ്തിട്ടില്ല. നിലവിലുള്ള അവസ്ഥ പ്രതിപാദിച്ചിട്ടുണ്ട്. പകരം കുറേ വ്യവസായങ്ങൾ തുടങ്ങാനും തൊഴിൽ യൂണിറ്റുകൾ ഉണ്ടാക്കാനുമുള്ള നിർദ്ദേശങ്ങൾ നൽകുകയാണ് ചെയ്തത്. ഇവ ഫലപ്രാപ്തിയിലെത്തിക്കേണ്ട സാഹചര്യങ്ങൾ ഒരുക്കുന്നതിൽ ശ്രദ്ധ പതിപ്പിച്ചില്ല. തുണിസഞ്ചി നിർമ്മാണ യൂണിറ്റ് ആരംഭിക്കണം എന്ന അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും തുടർനടപടികൾ ഉണ്ടായില്ല.

ദാരിദ്ര്യലഘൂകരണം വർക്കിംഗ് ഗ്രൂപ്പിൽ കുറേ നിർദ്ദേശങ്ങൾ (വീട് നൽകുക, ചെറുകിട തൊഴിൽ സംരംഭങ്ങൾക്ക് ലോണും സബ്സിഡിയും നൽകുക, തീറ്റപ്പുൽകൃഷി ആരംഭിക്കണം, ക്ഷീരകർഷകരേയും , കേരകർഷകരേയും തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുക.) രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇതിന്റെ തുടർ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.

കൃഷി വർക്കിംഗ് ഗ്രൂപ്പിൽ വിവിധ തരം കൃഷികൾക്ക് പ്രോത്സാഹനം നൽകണമെന്ന് തീരുമാനിച്ചിട്ടുണ്ട്. നെൽകൃഷി, തെങ്ങ്കൃഷി,പച്ചക്കറി വികസനം, വാഴകൃഷി, ഫലവൃക്ഷത്തൈ തുടങ്ങിയ പരമ്പരാഗത പ്രൊജക്ടുകൾ രൂപീകരിക്കാനാണ് തീരുമാനിച്ചത്. പരമ്പരാഗത നിർദ്ദേശങ്ങളും നടപ്പാക്കലുമാണ് ഉള്ളത്. നൂതന കാർഷിക രീതികൾ സ്വീകരിക്കുന്നതിനെ കുറിച്ച് ചർച്ച ചെയ്യപ്പെട്ടിട്ടില്ല.

പട്ടിക വർഗ്ഗ വർക്കിംഗ് ഗ്രൂപ്പിൽ 29.5.2017 നുള്ള വികസന സെമിനാറിൽ കുറേ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. തുടർന്നുള്ള യോഗം 7.2.2018 നാണ് നടന്നത്. തുടർ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. പട്ടിക വർഗ്ഗ കോളനികളിൽ പ്രഭാത ഭക്ഷണം നൽകാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

<u>നിർദ്ദേശങ്ങൾ</u>

1) സേവന സന്നദ്ധരായ വിഷയത്തിൽ പ്രാവീണ്യമുള്ളവരെ വർക്കിംഗ് ഗ്രൂപ്പിലേക്ക് തെരഞ്ഞെടുക്കണം.

2) എല്ലാ വർക്കിംഗ് ഗ്രൂപ്പും പഞ്ചായത്തിലെ നിലവിലെ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം വിഷയത്തിൽ മേഖലയിലെ ശക്തിയും ദൗർല്ലഭ്യവും പഠിക്കുക, പരിഹാര നിർദ്ദേശങ്ങൾ കണ്ടെത്തുകയും വേണം.ഓരോ മേഖലയ്ക്കും പ്രസക്തമായ

സ്ഥിതിവിവരക്കണക്കുകൾ ലഭ്യമായ എല്ലാ സ്രോതസ്സുകളിൽ നിന്നും തയ്യാറാക്കണം.

3) ഓരോ മേഖലയും അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങൾ, നിലവിലുള്ള വിടവുകൾ , മേഖലയുടെ വികസനത്തിനുള്ള പ്രാദേശിക സാധ്യത, പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും വികസന സാദ്ധ്യതകൾ നേടുന്നതിനുള്ള തന്ത്രങ്ങൾ എന്നിവ സംബന്ധിച്ച കുറിപ്പുകൾ തയ്യാറാക്കണം.

4) ഗ്രാമസഭകളിൽ വന്ന നിർദ്ദേശങ്ങൾ സൂക്ഷ്മമായി പഠിച്ച് ഇവ പ്രൊജക്ടുകളായി രൂപാന്തരപ്പെടുന്നതിനുള്ള സാധ്യത പരിശോധിക്കുക. പ്രൊജക്ട് തയ്യാറാക്കുക. പ്രൊജക്ട് നടപ്പിൽ വരുത്തുമ്പോളുണ്ടാകുന്ന ബുദ്ധിമുട്ടുകൾ, പ്രശ്നങ്ങൾ കണ്ടെത്തണം.

5) പ്രൊജക്ട് മോണിട്ടറിംഗ് നിരന്തരമായി നടത്തണം. പദ്ധതികൾ വിജയത്തിലെത്തിക്കുന്നതിനു വേണ്ട നിർദ്ദേശങ്ങൾ നൽകണം.

6) പൊതുമരാമത്ത് പ്രവൃത്തികൾ ടെൻഡർ ചെയ്യുമ്പോൾ ടെൻഡർ തുറക്കുന്നത് മുതലുള്ള നടപടികളിൽ ശ്രദ്ധ ചെലുത്തുക

7) അധിക വർക്കിംഗ് ഗ്രൂപ്പുകളും 2017-18 വികസന സെമിനാറിൽ പങ്കെടുത്തതിന് ശേഷം 2018-19 പദ്ധതി രൂപീകരണത്തിനാണ് യോഗം ചേർന്നത്. അതുകൊണ്ട് നിർവ്വഹണത്തിന്റെ തുടർനടപടികൾ വർക്കിംഗ്ഗ്രൂപ്പുകൾ നിരീക്ഷിക്കുന്നില്ല എന്ന് കാണുന്നു. ബന്ധപ്പെട്ട കൺവീനർമാർ (നിർവ്വഹണ ഉദ്യോഗസ്ഥർ) വർക്കിംഗ് ഗ്രൂപ്പ് യഥാസമയങ്ങളിൽ വിളിച്ചു കൂട്ടി നിർവ്വഹണ പുരോഗതി വിലയിരുത്തേണ്ടതാണ്.

## 3-3 വികസന സ്റ്റാന്റിംഗ് കമ്മിറ്റി- പ്രവർത്തനം മെച്ചപ്പെടുത്തണം.

വർക്കിംഗ് ഗ്രൂപ്പുകളുടെ രൂപീകരണം മുതൽ പദ്ധതി അംഗികരിച്ചു കിട്ടുന്നത് വരെയുള്ള ആസൂത്രണ നടപടികൾ ഓരോന്നും യഥാസമയം ഫലപ്രദമായി നടത്തുന്നതിന് വേണ്ട മുന്നൊരുക്കങ്ങളും ഇടപെടലുകളും നടത്തുക, ആവശ്യമായ യോഗങ്ങൾ യഥാസമയം വിളിച്ചുചേർക്കുക, ആവശ്യമായ തീരുമാനങ്ങൾ യഥാസമയം ഭരണസമിതിയിൽ എടുക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുക ആവശ്യമായ നിർദ്ദേശങ്ങൾ മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾക്കും വർക്കിംഗ് ഗ്രൂപ്പുകൾക്കും നൽകുക. വികസന കാഴ്ചപ്പാട് രേഖ തയ്യാറാക്കി ഭരണസമിതി യോഗത്തിൽ വെയ്ക്കുക പ്രൊജക്ട് പരിശോധനാ ഘട്ടത്തിൽ കാണുന്ന ന്യൂനതകൾ യഥാസമയം പരിഹരിച്ച് നൽകുക എന്നിവയാണ് വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രധാന ചുമതലകൾ.

2017-18 വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ വർഷത്തിലെ തുടക്കത്തിൽ സ്പിൽ ഓവർ പ്രൊജക്ടുകൾ സ്റ്റാന്റിംഗ് കമ്മിറ്റി അംഗികരിക്കുകയുണ്ടായി. എല്ലാ മാസവും സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങൾ ചേരാറുണ്ട്. ചില പദ്ധതികളുടെ അടങ്കൽ ഭേദഗതി ചെയ്യുന്നുണ്ട്. എന്നാൽ അതിന്റെ കാരണം വ്യക്തമാക്കുന്നില്ല. ചില പ്രൊജക്ടുകൾ നിർവ്വഹണം ആരംഭിക്കാതെ നിർത്തുന്നുണ്ട്. അതിന്റെ കാരണങ്ങൾ വ്യക്തമാക്കുന്നില്ല. പ്രൊജക്ടുകൾ തയ്യാറാക്കി കഴിഞ്ഞതിനു ശേഷം ഒഴിവാക്കുന്നത് ആസൂത്രണത്തിലെ പോരായ്മയാണ്.

പൊതുമരാമത്ത് പ്രവൃത്തികളുടെ ടെൻഡർ പരിശോധനാ സമയത്ത് വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ കാര്യക്ഷമമല്ല. പ്രൊജക്ടുകളുടെ നിർവ്വഹണ പുരോഗതി ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥൻമാരെ വിളിച്ച് ചർച്ച ചെയ്യുന്നത് വർഷാവസാനം മാത്രമാണ്. ഇട സമയങ്ങളിൽ നിർവ്വഹണ ഉദ്യോഗസ്ഥൻമാരുമായി ഇത്തരം ചർച്ച നടക്കുന്നതിന്റെ രേഖ ഇല്ല.

<u>നിർദ്ദേശങ്ങൾ</u>

1) കൃഷിയോഗ്യമായ ഭൂമി എത്രയെന്ന് കണ്ടെത്തുകയും പഞ്ചായത്തിനനുയോജ്യമായ കൃഷി രീതി, നൂതന മാർഗ്ഗങ്ങൾ ചർച്ച ചെയ്ത് അതിനനുസരിച്ച് പ്രൊജക്ടുകൾ തയ്യാറാക്കി നടപ്പിലാക്കുക.

2) സമ്പൂർണ്ണ ഉറവിട മാലിന്യ സംസ്കരണം,ജൈവ വള നിർമ്മാണം, ജൈവ കൃഷി എന്നിവയുമായി ബന്ധപ്പെട്ട പ്രൊജക്ടുകൾ തയ്യാറാക്കുക .ജൈവ കൃഷിയിൽ പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുക.

3) സഹകരണ സംഘകൃഷി പ്രോത്സാഹിപ്പിക്കുക, കൃഷിയുടെ ഓരോ ഘട്ടത്തിലും ആവശ്യമായ സഹായങ്ങൾ നൽകുക.

4) കന്നുകാലി വളർത്തൽ , ജലസേചനം, മത്സ്യ കൃഷി സാമൂഹിക വനവത്കരണം, ചെറുകിട- കുടിൽ വ്യവസായം, കരകൗശല വസ്തുക്കളുടെ നിർമ്മാണം, പരമ്പരാഗത തൊഴിൽ, ഭവന നിർമ്മാണം / പുനരുദ്ധാരണം , ഊർജ്ജ സംരക്ഷണം, പബ്ലിക് വർക്ക്, ജലവിതരണം മുതലായ മേഖലകളിൽ പ്രൊജക്ട് തയ്യാറാക്കി നടപ്പിലാക്കുക.

## 3-4 കുറവ് രേഖപ്പെടുത്തിയ ടെൻഡർ സ്വീകരിക്കാതെ എസ്റ്റിമേറ്റ് നിരക്ക് രേഖപ്പെടുത്തിയത് സ്വീകരിച്ചു.

തമ്പലമണ്ണ പാണ്ടിക്കോട്ട് മല പാറപ്പടി നടപ്പാത കോൺക്രീറ്റിനുള്ള ടെൻഡറിൽ ഏറ്റവും കുറവ് രേഖപ്പെടുത്തിയ കരാറുകാരനായ ശ്രീ ഹംസ പി പുതിയോട്ടിലിന്റെ ടെൻഡർ സ്വീകരിക്കാതെ എസ്റ്റിമേറ്റ് നിരക്ക് രേഖപ്പെടുത്തിയ ശ്രീ ജമാൽ ഇ യുടെ ടെൻഡർ ആണ് സ്വീകരിച്ചത്. വിശദാംശം ചുവടെ :-

പ്രൊജക്ട് - തമ്പലമണ്ണ പാണ്ടിക്കോട്ട് മല പാറപ്പടി നടപ്പാത കോൺക്രീറ്റ്

നം - 186/18 (148/17)

അടങ്കൽ – 125000 (വി . ഫ)

എം ബുക്ക് നം - 194/16-17

ചെലവ് - 125000 ( ബിൽ നം. 8/17-18; 29.6.2017)

മേൽ പ്രവൃത്തിക്കായി ടെൻഡർ ക്ഷണിച്ചപ്പോൾ 3 പേർ പങ്കെടുത്തു.

| ക്രമ നം | കരാറുകാരന്റെ പേര് | ക്വാട്ട് ചെയ്ത തുക | കുറിപ്പുകൾ |
|---|---|---|---|
| 1 | ജമാൽ ഇ | എസ്റ്റിമേറ്റ് നിരക്ക് | |
| 2 | ഹംസ പി പുതിയോട്ടിൽ | 18 % കുറവ് | 18 % കുറവ് അക്ഷരത്തിലും രേഖപ്പെടുത്തിയിട്ടുണ്ട് |
| 3 | ടി വി സെബാസ്റ്റ്യൻ | 10 % കൂടുതൽ | |

ടെൻഡർ രജിസ്റ്ററിൽ ക്രമ നം 1, 3 പേരുകൾ മാത്രമാണ് രേഖപ്പെടുത്തിയത്. ടെൻഡറിന് പിന്നിൽ അസിസ്റ്റന്റ് എൻജിനിയർ ഒപ്പിട്ടിട്ടുണ്ടെങ്കിലും നിരക്ക് രേഖപ്പെടുത്തിയിട്ടില്ല. ടെൻഡറിൽ അപാകതകൾ ഉള്ളതായി സൂചിപ്പിച്ചിട്ടില്ല. ഇതേ പ്രവൃത്തിക്ക് തന്നെയാണ് ടെൻഡർ ഫോം കരാറുകാരനായ ശ്രീ ഹംസ കൈപ്പറ്റിയത്. ടെണ്ടർ നിരസിക്കാനുണ്ടായ മറ്റ് കാരണങ്ങളും രേഖപ്പെടുത്തിയിട്ടില്ല. പിന്നീട് കരാറുകാരൻ ശ്രീ.ഹംസ, ഇ.എം.ഡി അനുവദിച്ച് തരാൻ ആവശ്യപ്പെട്ട് നൽകിയ കത്ത് ഫയലിൽ ഉണ്ട്. കുറഞ്ഞ നിരക്കിലുള്ള ശ്രീ.ഹംസയുടെ ടെൻഡർ സ്വീകരിക്കാതെ എസ്റ്റിമേറ്റ് നിരക്കിൽ രേഖപ്പെടുത്തിയ ടെൻഡർ സ്വീകരിച്ചതിന്റെ കാരണം വ്യക്തമല്ല.

കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ടെൻഡർ സ്വീകരിക്കാതെ എസ്റ്റിമേറ്റ് നിരക്ക് രേഖപ്പെടുത്തിയ ടെൻഡർ സ്വീകരിക്കുക വഴി ഗ്രാമപഞ്ചായത്തിന് 22500 രൂപ അധികം ചെലവ് വന്നിട്ടുണ്ട്. ഇത് ഉത്തരവാദിയായവരിൽ നിന്ന് ഈടാക്കി (ടെൻഡർ സ്വീകരിച്ച അസിസ്റ്റന്റ് എൻജിനിയറിൽ നിന്ന്) ഗ്രാമപഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

<u>ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ</u>

1) ടെൻഡറുകൾ തുറക്കുമ്പോൾ വികസന സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങൾ, പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ സാന്നിദ്ധ്യത്തിൽ മാത്രം തുറക്കുകയും, ആ സമയം തന്നെ രജിസ്റ്ററിൽ ഹാജരായുള്ളവർ എല്ലാം തന്നെ ഒപ്പിടുകയും ചെയ്യേണ്ടതാണ്.

2) അപൂർണ്ണമായ ടെൻഡറുകൾ അപ്പോൾ തന്നെ സ്വീകരിക്കാതിരിക്കുകയോ അപാകതകൾ ഉണ്ടെങ്കിൽ പരിഹരിക്കാനാവശ്യപ്പെടുകയോ ചെയ്യുക.

3) കരാറുകാർ ടെൻഡറുകളിൽ തിരുത്തൽ വരുത്തുമ്പോൾ സാക്ഷ്യപ്പെടുത്തുമ്പോൾ സീൽ കൂടി പതിപ്പിക്കാനാവശ്യപ്പെടുകയോ ചെയ്യുക.

4) ടെണ്ടർ നിരസിക്കപ്പെടുന്നുണ്ടെങ്കിൽ ടി വിവരം ബന്ധപ്പെട്ട ടെണ്ടർ ഫോറത്തിലും കാരണസഹിതം ചേർക്കുക.

## 3-5 <u>കല്ല് കെട്ടിയതിന് മുകളിൽ കോൺക്രീറ്റ് ചെയ്തു</u>

തൻവർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹിച്ച റോഡ് പ്രവൃത്തികളിൽ ഐ.ആർ.സി. സ്പെസിസിഫിക്കേഷനു വിരുദ്ധമായി സിമന്റില്ലാതെ കല്ല് കെട്ടിയതിന് (Rough Stone dry packing) മുകളിൽ 1:2:4 അനുപാതത്തിൽ 20 എം.എം. കനത്തിലുള്ള കരിങ്കല്ലുപയോഗിച്ചുള്ള സിമന്റ് കോൺക്രീറ്റ് പ്രവൃത്തി നടത്തിയതിന് തുക ചെലവഴിച്ചിട്ടുണ്ട്. സിമന്റില്ലാതെ യുള്ള കല്ലടിച്ച കെട്ടലിൽ വോയ്ഡ്സ് (voids) ഉണ്ടാകുമെന്നതിനാൽ വാഹനങ്ങൾ കയറി പോകുമ്പോൾ കോൺക്രീറ്റ് പൊട്ടാനുള്ള സാധ്യത കൂടുതലാണ്. ഇത്തരത്തിൽ ഐ.ആർ.സി. സ്പെസിഫിക്കേഷനു വിരുദ്ധമായ പ്രവൃത്തികൾ ചെയ്യുന്നത് വിലക്കിക്കൊണ്ട് തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറും നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. (16.10.2012 ലെ ഡി.ബി. 4/7462/2012 ത.സ്വ.ഭ.വ കത്ത് കാണുക) മേൽ നിർദ്ദേശത്തിന് വിരുദ്ധമായി ചെയ്ത പ്രവൃത്തികളുടെ വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം | പ്രവൃത്തി- വിവരം | ചെയ്ത അളവ് | നൽകിയ തുക |
|---|---|---|---|
| 1 | പെരിങ്ങോട്ട് റോഡ് കോൺക്രീറ്റ്- 45/18 സംരക്ഷണഗ്രാന്റ് റോഡ്- 300000. എം ബുക്ക് നം- 83/17-18 ;ചെലവ്- 200062 രൂപ. ബിൽ നം. 73/17-18 dtd 21.2.2018 | ആരംഭത്തിലെ 55 മീറ്റർ നീളം നേരത്തെ കോൺക്രീറ്റ് ചെയ്തിട്ടുണ്ട്. തുടർന്ന് വരുന്ന 90 മീ. കരിങ്കല്ല് പതിച്ച അതിന് മുകളിലാണ് 1:2:4<br>16.922 M3 @ 7906.51= 133793.96 | 133793.96 രൂപ. |
| 2 | ചേപ്പിലംകോട് - വയൽവാരം റോഡ്- 138/18 സംരക്ഷണഗ്രാന്റ് റോഡ്- 300000 ; എം ബുക്ക് നം- 90/17-18 ;ചെലവ്- 300000 രൂപ. ബിൽ നം. 72/17-18 dtd 21.2.2018 | എസ്റ്റിമേറ്റ് റിപ്പോർട്ട് ഇല്ല. എസ്റ്റിമേറ്റ് പ്രകാരം ചെയിനേജ് 10മുതൽ 46 വരെ ഡി ആർ പാക്കിംഗിന് മുകളിലാണ് കോൺക്രീറ്റ് ചെയ്യുന്നത്. 36X3.00x 0.100= 10.800@8189.36= 88445 | 88445 രൂപ |

മേൽ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായ പ്രൊജക്ടുകൾ അംഗീകരിക്കുകയോ നടപ്പാക്കുകയോ ചെയ്യാൻ പാടില്ല.

IRCസ്പെസിഫിക്കേഷന് വിരുദ്ധമായും ചീഫ് എഞ്ചിനിയറുടെ നിർദ്ദേശങ്ങൾ പാലിക്കാതെയുമുള്ള പ്രവൃത്തി അനുവദനീയമല്ല. സർക്കാർ ഉത്തരവിന് വിരുദ്ധമായ പ്രൊജക്ടുകൾ വർക്കിംഗ് ഗ്രൂപ്പ് / നിർവ്വഹണ ഉദ്യോഗസ്ഥർ തയ്യാറാക്കുകയോ വികസന സ്റ്റാന്റിംഗ് കമ്മിറ്റി ഇത്തരം പ്രൊജക്ടുകൾ അംഗീകരിക്കുകയോ ചെയ്യാൻ പാടുള്ളതല്ല. ഇത്തരത്തിൽ പ്രവൃത്തി ചെയ്യാനുണ്ടായ സാഹചര്യം വിശദമാക്കേണ്ടതാണ്.

## 3-6 ടെൻഡറുകളിൽ തിരുത്തൽ കാണുന്നു - പരിശോധനസമയത്ത് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റി കൂടുതൽ ശ്രദ്ധ ചെലുത്തണം.

ഗ്രാമപഞ്ചായത്തിലെ രണ്ട് പ്രവൃത്തികൾ ടെൻഡർ ചെയ്തതിൽ ഒരേ കരാറുകാരാണ് ടെൻഡറിൽ പങ്കെടുത്തത്. ഈ രണ്ട് ടെൻഡറുകളിൽ പങ്കെടുത്ത ഒരു കരാറുകാരന്റെ കുറവ് ക്വാട്ട് ചെയ്ത ടെണ്ടർ വെട്ടി കൂടുതൽ ക്വാട്ട് ചെയ്തതിന്റെ ഫലമായി മറ്റേ കരാറുകാരന് രണ്ട് ടെൻഡർ ലഭിക്കുകയും ചെയ്തു കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു. :-

| പ്രവൃത്തി | കരാറുകാരൻ- |
|---|---|
| കൊച്ചുകുടുമ്പിൽ വയലോരം റോഡ്- 276/18<br>സംരക്ഷണഗ്രാന്റ്- 100000; | കരാറുകാരൻ ജോൺ പി യു എസ്റ്റിമേറ്റ് നിരക്കും, ശ്രീ സണ്ണി ആക്കൽ ആദ്യം 10% കുറച്ച് എന്ന് രേഖപ്പെടുത്തിയെങ്കിലും പിന്നീട് വെട്ടിത്തിരുത്തൽ വരുത്തി 10 % കൂടുതൽ എന്നാക്കി മാറ്റുകയും കരാർ ശ്രീ ജോണിന് ലഭിക്കുകയും ചെയ്തു. |
| ഉല്ലാസ് നഗർ തേറുപറമ്പ് റോഡ് കോൺക്രീറ്റ്- 277/18 ; സംരക്ഷണഗ്രാന്റ്- 105000; | കരാറുകാരൻ ജോൺ പി യു എസ്റ്റിമേറ്റ് നിരക്കും, ശ്രീ സണ്ണി ആക്കൽ ആദ്യം 12% കുറച്ച് എന്ന് രേഖപ്പെടുത്തിയെങ്കിലും പിന്നീട് വെട്ടിത്തിരുത്തൽ വരുത്തി 10 % കൂടുതൽ എന്നാക്കി മാറ്റുകയും കരാർ ശ്രീ ജോണിന് ലഭിക്കുകയും ചെയ്തു. |

രണ്ട് ടെൻഡറുകളിലും വെട്ടിത്തിരുത്തൽ വരുത്തിയ നിരക്കാണ് അസിസ്റ്റന്റ് എൻജിനിയർ സാക്ഷ്യപ്പെടുത്തിയത്.

1) കരാറുകാരൻ തിരുത്തൽ വരുത്തി സാക്ഷ്യപ്പെടുത്തിയത് അസിസ്റ്റന്റ് എൻജിനിയർ അല്ലാതെ മറ്റാരും കണ്ടതായി രേഖപ്പെടുത്തിയിട്ടില്ല.

2) ടെൻഡർ തുറക്കുമ്പോൾ സ്റ്റാന്റിംഗ് കമ്മിറ്റി അവരുടെ സാന്നിദ്ധ്യം ഉറപ്പു വരുത്തിയതായി കാണുന്നില്ല. ക്രമക്കേടുകൾ സംഭവിക്കാനുള്ള സാധ്യത തടയുന്നതിന് നടപടികൾ സ്വീകരിച്ചു കാണുന്നില്ല.

3) രണ്ട് പേർ മാത്രം പങ്കെടുത്ത ടെൻഡറിൽ അവർ തമ്മിൽ ധാരണ ഉണ്ടാക്കാനുള്ള സാധ്യതകൾ ഉള്ളതിനാൽ വികസന സ്റ്റാന്റിംഗ് കമ്മിറ്റി വേണ്ടത്ര നടപടി സ്വീകരിക്കേണ്ടതായിരുന്നു.

4) പദ്ധതിയുടെ നടത്തിപ്പിൽ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തുടക്കം മുതലേ ശ്രദ്ധ ചെലുത്തിയതായി കാണുന്നില്ല.

ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ

1) ടെൻഡറുകൾ തുറക്കുമ്പോൾ വികസന സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങൾ, പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ സാന്നിദ്ധ്യത്തിൽ മാത്രം തുറക്കുകയും, ആ സമയം തന്നെ രജിസ്റ്ററിൽ ഹാജരുള്ളവർ എല്ലാം തന്നെ ഒപ്പിടുകയും ചെയ്യുക.

2) അപൂർണ്ണമായ ടെൻഡറുകൾ അപ്പോൾ തന്നെ സ്വീകരിക്കാതിരിക്കുകയോ അപാകതകൾ ഉണ്ടെങ്കിൽ പരിഹരിക്കാനാവശ്യപ്പെടുക.

3) കരാറുകാർ ടെൻഡറുകളിൽ തിരുത്തൽ വരുത്തുമ്പോൾ സാക്ഷ്യപ്പെടുത്തുമ്പോൾ സീൽ കൂടി പതിപ്പിക്കാനാവശ്യപ്പെടുക.

## 3-7 ഗുണഭോക്തൃ കമ്മിറ്റി തീരുമാനം എടുക്കുന്നതിന് മുമ്പ് പ്രവൃത്തി ഏറ്റെടുത്ത് നടത്തി.

പ്രൊജക്ട് - ചേപ്പിലംകോട് റോഡ് കോൺക്രീറ്റ്

നം - 222/18 (221/17)

അടങ്കൽ - 375000 ; (74848 – CFC; 300152 MG-R)

എം ബുക്ക് നം - 253/16-17

ചെലവ് - 375000

13 ാം വാർഡിലെ ചേപ്പിലംകോട് റോഡ് കോൺക്രീറ്റ് പ്രവൃത്തിയുടെ ഗുണഭോക്തൃ സമിതി 2.2.2017 ന് ചേപ്പിലംകോട് സാംസ്കാരിക നിലയത്തിൽ വെച്ച് നടന്നു. കൺവീനറായി ശ്രീ നിഷാദ് എൻ കെ യെ തെരഞ്ഞെടുത്തു. കരാർ വെച്ചത് 18.3.2017 നാണ്. (നം- 86/16-17). 28. 2 . 2017 ന് പ്രവൃത്തി ആരംഭിക്കാൻ മെറ്റീരിയൽ സംഘടിപ്പിക്കാൻ കമ്മിറ്റിയെ ചുമതലപ്പെടുത്തി.

പ്രധാന അപാകതകൾ താഴെ കൊടുക്കുന്നു.

1) 28. 2 . 2017 നാണ് പ്രവൃത്തി ആരംഭിക്കാൻ മെറ്റീരിയൽ സംഘടിപ്പിക്കാൻ കമ്മിറ്റിയെ ചുമതലപ്പെടുത്തിയത് . എന്നാൽ സിമന്റ്- 31.01.2017 ന് തന്നെ ശേഖരിച്ചതിന്റെ ബിൽ ഹാജരാക്കി കാണുന്നു. റോഡ് പ്രവൃത്തി നടന്നത് എം ബുക്ക് പ്രകാരം 18.3.2017 മുതൽ 29.3.217 വരെയാണ്. 31.01.2017 ന് വാങ്ങിയ സിമന്റ് രണ്ട് മാസം ആയപ്പോഴാണ് ഉപയോഗിക്കുന്നത്. കൂടാതെ ചേപ്പിലംകോട് റോഡ് കോൺക്രീറ്റ് പ്രവൃത്തിയുടെ ഗുണഭോക്തൃ സമിതി 2.2.2017 ന് ചേപ്പിലംകോട് സാംസ്കാരിക നിലയത്തിൽ വെച്ചാണ് നടന്നത്. അതിൽ തീരുമാനം എടുക്കുന്നതിന് മുമ്പ് തന്നെ സിമന്റ് വാങ്ങിവെച്ചതിന്റെ യുക്തി വ്യക്തമല്ല.

2) മസ്റ്റർ റോൾ പ്രകാരം പ്രവൃത്തി നടന്നത് - 1.2.2017 മുതൽ 10.2.2017 വരെയാണ്. ഇതിന് കൂലിയിനത്തിൽ 66000 രൂപ നൽകുകയും ചെയ്തിട്ടുണ്ട്. ഇതും എം ബുക്കിലെ തിയ്യതിയുമായി പൊരുത്ത പ്പെടുന്നില്ല. കരാർ ചമച്ചത് 18.3.2017 നാണ്. ഈ തിയ്യതികളൊന്നും തന്നെ ബന്ധപ്പെട്ട രേഖകളുമായി പൊരുത്തപ്പെടുന്നില്ല.

3) മിനുട്സിൽ എല്ലാ കാര്യങ്ങളും വളരെ വിശദമായി എഴുതി ചേർത്തിട്ടില്ല. കമ്മിറ്റി രൂപീകരണത്തിന് ശേഷം പ്രവൃത്തി തീർന്ന് പണം വാങ്ങാൻ കൺവീനറേയും, ചെയർമാനേയും ചുമതലപ്പെടുത്തുക മാത്രമാണ് ചെയ്തു കാണുന്നത്.

1999 ഡിസംബറിൽ സംസ്ഥാന ആസൂത്രണ ബോർഡ് പ്രസിദ്ധീകരിച്ച "ഗുണഭോക്തൃസമിതി മാർഗ്ഗരേഖ" പ്രകാരമേ പൊതുമരാമത്ത് പ്രവൃത്തികളെ ഗുണഭോക്തൃ കമ്മിറ്റിക്ക് ഏൽപ്പിക്കാൻ കഴിയൂ. ഈ മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ മുഴുവനായും പാലിക്കപ്പെട്ടിട്ടില്ല.

നിർദ്ദേശങ്ങൾ

1) ഗുണഭോക്തൃ കമ്മിറ്റി രൂപീകരിക്കുന്നത് മുതൽ വികസന സ്റ്റാന്റിംഗ് കമ്മിറ്റി അതിന്റെ പ്രവർത്തനം നിരീക്ഷിക്കേണ്ടതാണ്. ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്.

2) കമ്മിറ്റിയാണ് യഥാർത്ഥത്തിൽ പ്രവൃത്തി ഏറ്റെടുത്ത് നടത്തുന്നതെന്ന് ഉറപ്പ് വരുത്തുക. ബിനാമി കരാർ സമ്പ്രദായം നടക്കുന്നില്ല എന്നും ഉറപ്പ് വരുത്തുക.

3) ഉദ്ദേശിക്കുന്ന പ്രവൃത്തികൾ യഥാസമയം തന്നെ നടക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുക.

4) മെറ്റീരിയൽ വാങ്ങുന്നതിന്റെ യഥാർത്ഥ കാഷ് ബിൽ രേഖകളോടൊപ്പം ഉണ്ടെന്ന് ഉറപ്പ് വരുത്തുക.

5) വരവ് - ചെലവ് കണക്കുകൾ വളരെ കൃത്യമായി എഴുതി തയ്യാറാക്കിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുക.

6) കമ്മിറ്റി ഇടക്കിടയ്ക്ക് യോഗം ചേർന്ന് പ്രവൃത്തി പുരോഗതി വിലയിരുത്തേണ്ടതാണ്.

7) പ്രവൃത്തി ഏറ്റെടുത്ത് നടത്തുമ്പോൾ ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ നിർവ്വഹണ ഉദ്യോഗസ്ഥൻ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽ പെടുത്തേണ്ടതും പരിഹാര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

8) പ്രവൃത്തി പൂർത്തീകരിച്ചാൽ ഉടനെ അളവ് രേഖപ്പെടുത്തി കരാർ തുക നൽകുന്നുണ്ടെന്ന് വികസന സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതാണ്.

## 3-8 വൈദ്യുതീകരണ പ്രൊജക്ടുകൾ നടപ്പാക്കിയതിലെ പോരായ്മ

നിർവ്വഹണം- സെക്രട്ടറി.

തൻവർഷം അഞ്ച് പ്രൊജക്ടുകൾ വിവിധ സ്ഥാപനങ്ങൾ വൈദ്യുതീകരിക്കുന്നതിനായി വെച്ചിട്ടുണ്ട്. വിശദാംശം ചുവടെ :-

| ക്രമ നം. | പ്രൊജക്ടുകളുടെ വിവരം | മറ്റു വിവരം |
|---|---|---|

| | | |
|---|---|---|
| 1 | സൂപ്പർ എം ആർ എഫിലേക്ക് വൈദ്യുതി എത്തിക്കലും ട്രാൻസ്ഫോർമർ സ്ഥാപിക്കലും- 256/18 ; ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 5,39000.<br>ചെലവ്- 535000 രൂപ. ബിൽ നം. 20/17-18 dtd 8.3.2018 | കെ എസ് ഇ ബി യുമായി കരാർ 3.3.2018 ന് ചമച്ചു. (18/17-18) കരാറിൽ എഴുതി ചേർക്കേണ്ട ഭാഗത്ത് ഒന്നും എഴുതിയിട്ടില്ല. വ്യവസ്ഥ 4 പ്രകാരം മോണിറ്ററിംഗ് കമ്മിറ്റിയുടെ പരിശോധനയിൽ കാണുന്ന പോരായ്മകളും അപാകതകളും കെ എസ് ഇ ബി പരിഹരിക്കുന്നതാണ് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. |
| 2 | പുതിയ ഗ്രാമപഞ്ചായത്ത് കെട്ടിടം ഓഫീസ് വൈദ്യുതീകരണം - 292/18; 280000 വി. ഫ 400000 എം എൽ എ ഫണ്ട്.<br>ചെലവ്- 280000 രൂപ. ബിൽ നം. 27/17-18 dtd 27.3.2018 | PWD ഇലക്ട്രിക്കൽ വിംഗിന്റെ എസ്റ്റിമേറ്റ് പ്രകാരം 310000 രൂപയും, സെന്റേജ് ചാർജ് 38750 (12.5%) അടവാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ 280000 രൂപ മാത്രമേ അടവാക്കിയുള്ളൂ. എം എൽ എ വിഹിതം ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടില്ല. |
| 3 | ചേപ്പിലാംകോട് സാംസ്കാരിക നിലയം വൈദ്യുതീകരണം - 247/18 ; 50000- വി ഫ. ചെലവ്- 50000 രൂപ. ബിൽ നം. 26/17-18 dtd 27.3.2018 | PWD ഇലക്ട്രിക്കൽ വിംഗിന്റെ എസ്റ്റിമേറ്റ് പ്രകാരം 50000 രൂപയും, സെന്റേജ് ചാർജ് 6250 (12.5%) അടവാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ 50000 രൂപ മാത്രമേ അടവാക്കിയുള്ളൂ |
| 4 | തൊണ്ടിമ്മൽ ജി എൽ പി എസ് വൈദ്യുതീകരണം, പ്ലംബിംഗ് 246/18; വി ഫ 65000.<br>ചെലവ്- 50625 രൂപ. ബിൽ നം. 28/17-18 dtd 27.3.2018 | PWD ഇലക്ട്രിക്കൽ വിംഗിന്റെ എസ്റ്റിമേറ്റ് പ്രകാരം 45000 രൂപയും, സെന്റേജ് ചാർജ് 5625 (12.5%) അടവാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. മുഴുവൻ തുകയും അടവാക്കി. |
| | അസിസ്റ്റന്റ് എൻജിനിയർ നിർവ്വഹണം നടത്തിയ പ്രൊജക്ടുകൾ | |
| 5 | പൊന്നാങ്കയം അംഗൻവാടി വൈദ്യുതീകരണം 1/18 (സ്പിൽ ഓവർ)<br>സംരക്ഷണ ഗ്രാന്റ് റോഡിതരം- 8000 | തൻവർഷം ചെലവില്ല. |

<u>പദ്ധതി ആസൂത്രണ- നിർവ്വഹണത്തിലെ അപാകതകൾ താഴെ കൊടുക്കുന്നു.</u>

1) കെ എസ് ഇ ബി യുമായി കരാർ ചമച്ചെങ്കിലും കരാറിലെ വ്യവസ്ഥകൾ എഴുതി ചേർത്തിട്ടില്ല. അതിനാൽ കെ എസ് ഇ ബി കരാർ ലംഘനം നടത്തിയാൽ നടപടി സ്വീകരിക്കാൻ കഴിയാതെ വരുന്നു.

2) പദ്ധതികൾ ഒന്നും പൂർത്തീകരിച്ചതിന്റെ രേഖയില്ല.

3) മോണിറ്ററിംഗ് സമിതി പ്രൊജക്ടുകളുടെ പുരോഗതി വിലയിരുത്തിയിട്ടില്ല.

4) വികസന സ്റ്റാന്റിംഗ് കമ്മിറ്റി ഒരു പ്രൊജക്ടുകളുടേയും നിർവ്വഹണ ഘട്ടം വിലയിരുത്തിയിട്ടില്ല.

5) പ്രൊജക്ടുകൾക്കായി തുക വകയിരുത്തിയത് അപര്യാപ്തമായതിനാൽ പ്രൊജക്ടുകൾ സ്പിൽ ഓവർ ആകുകയും തൻവർഷം പൂർത്തീകരിക്കാൻ കഴിയാതിരിക്കുകയും ചെയ്യും.

6) ഫണ്ടുകൾ വിഭജിച്ച് പ്രൊജക്ടുകൾ ഉണ്ടാക്കുമ്പോൾ എല്ലാ ഫണ്ടും തൻവർഷം ലഭ്യമാക്കാൻ നടപടി

സ്വീകരിച്ചില്ല.

7) പ്രൊജക്റ്റ് അടങ്കൽ തയ്യാറാക്കുന്നതിന് മുമ്പായി പി ഡബ്ലിയു വിൽ നിന്നും എസ്റ്റിമേറ്റ് തയ്യാറാക്കിയില്ല. അതിനാൽ അടങ്കലും എസ്റ്റിമേറ്റും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

മേൽ പദ്ധതികൾ പൂർത്തീകരിച്ചതിന്റെ രേഖകൾ ലഭ്യമല്ലാത്തതിനാൽ ചെലവ് തുക 915625 രൂപ (535000+280000+50000+50625= 915625 രൂപ ) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ കരട് പ്രൊജക്റ്റുകൾ തയ്യാറാക്കിയ ഉടനെ ഇത്തരം പ്രൊജക്റ്റുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും അടങ്കൽ നിശ്ചയിക്കുകയും ചെയ്താൽ പ്രൊജക്റ്റിന് കൃത്യമായ തുക ഉൾപ്പെടുത്താൻ കഴിയുകയും ആ വർഷം തന്നെ പ്രൊജക്റ്റ് നടപ്പിലാക്കാൻ സേവനം യഥാസമയങ്ങളിൽ നൽകാനും കഴിയുന്നു. ഇത്തരം അപാകത ഒഴിവാക്കി ശരിയായ ആസൂത്രണം നടത്തി പ്രൊജക്റ്റുകൾ തയ്യാറാക്കേണ്ടതാണ്.

## 3-9 വെള്ളക്കരം -പൊതുടാപ്പുകൾ ഒടുക്കിയതിൻെറ സംയുക്തപരിശോധനാറിപ്പോർട്ട് ലഭ്യമല്ല

തൻവർഷം വെള്ളക്കരം ഇനത്തിൽ വാട്ടർ അതോറിറ്റിയിൽ അടവാക്കിയ തുക താഴെപറയുന്നു.

| ക്രമനമ്പർ | ഇനം വെള്ളക്കരം | അടവാക്കിയതുക | ബിൽനമ്പർ | വൗച്ചർ നമ്പർ | റിമാർക്സ് | |
|---|---|---|---|---|---|---|
| 1 | 04/17 | 35438 | 16526/11 /04/17 | 21700080/26 /04/2017 | | |
| 2 | 05/17 | 35438 | 17477/12 /05/17 | 21700177/27 /05/17 | | |
| 3 | 06/17 | 35438 | 17814/03 /06/17 | 21700230/15 /06/17 | | |
| 4 | 07/17 | 35438 | 18956/07 /07/17 | 21700307/21 /07/17 | | |
| 5 | 08/17 | 35438 | 19171/05 /08/17 | 21700393/19 /08/17 | | |
| 6 | 09/17 | 35438 | 19861/11 /09/17 | 21700512/26 /09/18 | | |
| 7 | 10/17 | 35438 | 20600/09 /10/17 | 21700528/20.10.17 | | |
| 8 | 11/17 | 35438 | 21151/01 /11/17 | 21700655/17.11.15 | | |
| 9 | 12/17 | 35438 | 21847/06 /12/17 | 21700770/18 /12/17 | | |
| 10 | 01/18 | 35438 | 22616/05 /01/18 | 21700805/18 /01/18 | | |
| 11 | 02/18 | 35438 | 23246/06 /02/18 | 21700917/22 /02/18 | | |
| 12 | 03/18 | 35438 | 240901/07 /03/18 | 2170i009/16.03/18 | | |
| | Total | 425256 | | | | |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | 425256 |

മേൽ തുക തൻവർഷം അടവാക്കിയെങ്കിലും വാട്ടർ അതോറിറ്റിയുമായി നടത്തിയ സംയുക്തപരിശോധനാറിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്തിലുള്ള 81 ടാപ്പുകളുടെ ചാർജാണ് വാട്ടർ അതോറിറ്റിയിൽ അടവാകുന്നത്. എന്നാൽ ഇതിൻെറ നിജസ്ഥിതി വ്യക്തമല്ല. സംയുക്തപരിശോധന നടത്തി വെള്ളക്കരം അടയക്കുന്ന മുഴുവൻ ടാപ്പുകൾ പ്രവർത്തനസജ്ജമാണെന്ന് ഉറപ്പ് വരുത്തേണ്ടതും പൊതു പണത്തിന്റെ അനാവശ്യ ചെലവ് ഒഴിവാക്കേണ്ടതുമാണ്.

## 3-10 അസാധാരണചെലവ് റജിസ്റ്റർ സൂക്ഷിക്കുന്നില്ല

1994ലെ കേരളപഞ്ചായത്തിരാജ് നിയമം വകുപ്പ് 213 ഉപവകുപ്പ് ( 4 ) 10.02.2006 ലെ ജിഒ (എം.എസ് ) 58/06 ത.സ്വ.ഭ.വ എന്നിവപ്രകാരം ഗ്രാമപഞ്ചായത്തിൻെറ തനത് വരുമാനത്തിൻമേലുള്ള മിച്ചഫണ്ടിന്റെ 20 % വരെയുള്ള എന്നാൽ ഒരു ലക്ഷം രൂപയിൽ കവിയാതെയും അസാധാരണചെലവ് നടത്താൻ അനുമതിയുണ്ട്. തൻവർഷത്തിൽ തനത്ഫണ്ടിൽ നിന്നു ഈ ഇനത്തിൽ നടത്തിയ ചെലവുകളുടെ വിശദാംശങ്ങൾ താഴെ പറയുന്നു.(2011 ലെ കേരളപഞ്ചായത്തിരാജ് (അസാധാരണചെലവുകൾ)ചട്ടങ്ങൾ പ്രകാരം)

| ക്രമനമ്പർ | ബിൽനമ്പർ തിയ്യതി | തുക | ചെലവുകളുടെ ഇനം |
|---|---|---|---|
| 1 | 21700027/11/4/17 | 12000 | നവകേരളമിഷ്യൻ ഉൽഘാടനം |
| 2 | 21700034/11.07.17 | 798 | നവകേരളമിഷ്യൻ പഞ്ചായത്ത്തലഉൽഘാടനം |
| 3 | 21700063/18/04/17 | 9250 | പഞ്ചായത്തിൻെറ വിവിധ ആവശ്യങ്ങൾക്ക് ഫോട്ടോ |
| 4 | 21700082. 27.4.17 | 400 | നവകേരളമിഷ്യൻ ബാനർ |
| 5 | 21700097/02/05/17 | 2750 | പൊതുവിദ്യാഭ്യാസയജ്ഞ പ്രഖ്യാപനം |
| 6 | 217000113/5/5/17 | 1020 | തൊണ്ടിമേൽ ജനവിദ്യാകേന്ദ്രത്തിൽ ജലദിനാചരണം |
| 7 | 217000118/5/5/17 | 1000 | പൊതുവിദ്യാഭ്യാസയജ്ഞം പരിപാടി ഉൽഘാടനം |
| 8 | 217000134/10/5/17 | 5080 | പൊതുവിദ്യാഭ്യാസയജ്ഞ ഫ്ളക്സ് ബോർഡ് |
| 9 | 217000136/11/5/17 | 7583 | പൊ തുവിദ്യാഭ്യാസയജ്ഞം പരിപാടി |
| 10 | 217000231/15/6/17 | 5000 | പുതുപ്പാടി മിനിസ്റ്റേഡിയത്തിൽനടന്ന ടെന്നിസ്,വോളിബോൾ ധനസഹായം |
| 11 | 217000294/10 /07/17 | 10000 | സഹാറാസൗണ്ട്സ് ലൈറ്റ് &സൗണ്ട് ചാർജ് |
| 12 | 217000328/28 /07/17 | 6230 | മൈക്ക് സെറ്റ് വാടക |
| 13 | 217000350/02 /08/17 | 2440 | മൈക്ക് സെറ്റ് വാടക |

| | | | |
|---|---|---|---|
| 14 | 217000386/16 /08/17 | 6950 | ഫോട്ടോചാർജ് |
| 15 | 217000453/31.08.17 | 500 | മൈക്ക്സെറ്റ് വാടക |
| 16 | 217000528/03 /10/17 | 8100 | ഫോട്ടോചാർജ് |
| 17 | 217000619/04 /11/17 | 1500 | ജില്ലാ തുടർവിദ്യാഭ്യാസകലോൽസവം |
| 18 | 217000639/08 /11/2017 | 1000 | പഞ്ചായത്ത് ഷെയർ നാഷണൽ ട്രെഡ്ഫസ്റ്റ് |
| 19 | 217000775/04 /01/18 | 760 | ബാനർ ചാർജ് |
| 20 | 217000791/12.01.18 | 500 | മൈക്ക്സെറ്റ് ചാര്ജ് |
| 21 | 217000792/12.01.18 | 500 | മൈക്ക്സെറ്റ് ചാര്ജ് |
| 22 | 217000863/07.02.18 | 15000 | പഞ്ചായത്ത് ദിനാഘോഷം |
| 23 | 217000905/20'02'18 | 2700 | മൈക്ക്സെറ്റ് വാടക |
| 24 | 217000905/20.02/18 | 5000 | ക്ഷീരകർഷകസംഘം |
| 25 | 217000991/09.03.18 | 1550 | മൈക്ക്സെറ്റ് വാടക |
| 26 | 217001011/16.03/18 | 10000 | അറുപത്തി ആറാമത് പഞ്ചായത്ത് ദേശിയവോളിബോൾ ചാമ്പ്യൻഷിപ്പ് |
| 27 | 217001215/31 /03/18 | 1100 | മൈക്ക്സെറ്റ് വാടക |
| 28 | 217000420/29/8/17 | 1300 | മൈക്ക് സെറ്റ് വാടക |
| | | 120011 | |

മേൽ ചെലവുകളുടെ വൗച്ചർ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടു

1) 16.02.2006ലെ ജിഒ (എം എസ്) 58/0 ത.സ്വ ഭ.വ ഉത്തരവ് പ്രകാരം സർക്കാർ നിശ്ചയിച്ച പരിധി ഒരു ലക്ഷം രൂപയാണെങ്കിലും ഓഡിറ്റ് വർഷം ആകെ 120011 രൂപ ഈ ഇനത്തിൽ ചെലവഴിച്ചതായി കാണുന്നു.

2)അസാധാരണ ചെലവിനങ്ങൾ സംബന്ധിച്ച റജിസ്റ്റർ സൂക്ഷിക്കണമെന്ന സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല.

3)അസാധാരണചെലവിനങ്ങളുടെ വാർഷികകണക്ക് ഗ്രമസഭയിൽ അവതരിപ്പിക്കണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-11 ആരോഗ്യ, വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി

ആരോഗ്യ, വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി 2017-18ൽ 13 തവണ യോഗം ചേരുകയുണ്ടായി. മഴക്കാല പൂർവ്വ രോഗപ്രതിരോധത്തെക്കുറിച്ചും പൊതുവെ ആരോഗ്യമേഖലയിലെ പ്രശ്നങ്ങളെക്കുറിച്ച് വ്യക്തമായ അവബോധത്തോടെ കാര്യങ്ങളെ സമീപിച്ചിട്ടുണ്ട്. അതുപോലെ വിദ്യാഭ്യാസ മേഖലയിലെ വിഷയങ്ങൽ നിരന്തരം ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട്. പഞ്ചായത്തിലെ ശുചിത്വ പരിപാലനത്തിനും മുഴുവൻ സ്ഥാപനങ്ങൾക്കും ഡി & ഒ ലൈസൻസ് നിർബന്ധമാക്കുന്നതിനും ആരോഗ്യ, വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി മുൻകൈ എടുത്തിട്ടുണ്ട്. ചില പ്രൊജക്ടുകളുടെ രൂപീകരണ ഘട്ടങ്ങളിലൊന്നും മറ്റു വിഭവ സ്രോതസ്സുകൾ പരിഗണിച്ചിട്ടില്ല (ഖണ്ഡിക 3-13

കാണുക.). ഭാവനാപൂർണ്ണമായ പദ്ധതികളുടെ ആസൂത്രണമില്ലായ്മ കാരണം അടിസ്ഥാന സൗകര്യങ്ങളില്ലാതെ വാങ്ങിയ ഉപകരണങ്ങൾ ഉപയോഗിക്കാൻ കഴിയാത്ത സാഹചര്യമുണ്ടായിട്ടുണ്ട് (ഖണ്ഡിക 3-14 കാണുക.). സർക്കാർ ഉത്തരവിനനുസരിച്ച് യഥാസമയം തീരുമാനമെടുക്കാത്തത് കാരണം ഫണ്ട് വകമാറ്റി ചിലവഴിക്കാനുള്ള സാഹചര്യവുമുണ്ടായി (ഖണ്ഡിക 3-16 കാണുക.).

## 3-12 പകർച്ചവ്യാധി നിയന്ത്രണം :നിർവഹിക്കപ്പെടാത്ത ഇനങ്ങൾക്ക് തുക ചെലവഴിച്ചു

പ്രൊജക്ട് :പകർച്ചവ്യാധി നിയന്ത്രണം

പ്രൊജക്ട് നമ്പർ :116/2017-18

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ

ബിൽ നമ്പർ,തുക : 6/28-02-2018, 21,265 /-

9/27-03-2018 178,735 /-

മേൽ പ്രൊജക്ട് പ്രകാരം 200,000/- രൂപ ചെലവഴിച്ചിട്ടുണ്ട്.തുക ചെലവഴിച്ചതിന്റെ വിശദാംശം ചുവടെ കാണിക്കുന്നു.

| ക്രമ നമ്പർ | പേര് | തുക | ഇനം |
|---|---|---|---|
| 1 | അജിത്.എം.എ | 21,265 | വാഹന വാടക |
| 2 | ദേവരാജൻ | 11,471 | ബാനർ |
| 3 | പുഷ്പവല്ലി | 1,141 | ഭക്ഷണം(എയ്ഡ്സ് ദിനാചരണം) |
| 4 | അജിത്.എം.എ | 23,353 | വാഹന വാടക |
| 5 | വിനോദ് | 18,000 | യോഗ പരിശീലനം |
| 6 | വിജേഷ്.കെ | 5,500 | ഫോഗിംഗ് |
| 7 | അമീൻ.എൻ.കെ | 5,500 | ഫോഗിംഗ് |
| 8 | മോയിൻ | 34,600 | വാഹന വാടക,ലൈറ്റ് & സൌണ്ട്സ് |
| 9 | ബ്രസൂക്ക | 37,606 | പ്രിന്റ് |
| 10 | തിരുവമ്പാടി ഫ്യുവൽ | 23,564 | ഡീസൽ,പെട്രോൾ ചാർജ്ജ് |
| 11 | ഹോട്ടൽ വിനോദ് | 18000 | ഭക്ഷണം(യോഗപരിശീലനം) |
| | ആകെ | 200,000 | |

പ്രൊജക്ടിന്റെ ഭാഗമായുള്ള യോഗ ക്ളാസിന്റെ പേരിൽ തിരുവമ്പാടി സ്കൂൾ,തൊണ്ടിമ്മൽ സ്കൂൾ,പുല്ലൂരാമ്പാറ സ്കൂൾ എന്നിവിടങ്ങളിൽ വെച്ച് ക്ളാസുകൾ നടത്തിയതായി കാണിച്ച് ചുവടെ ചേർത്തിരിക്കും പ്രകാരം 49800/-രൂപ പിൻവലിച്ചിട്ടുണ്ട്. യോഗാക്ലാസ്സിന്റെ വിശദവിവരങ്ങൾ മെഡിക്കൽ ഓഫീസർ/ ഹെഡ്മാസ്റ്റർമാർ എന്നിവരോട് ഓഡിറ്റ് എൻക്വയറി മുഖേന ആവശ്യപ്പെട്ടതിന് അത്തരത്തിൽ ഒരു യോഗാക്യാമ്പ് മെഡിക്കൽ ഓഫീസർ മുഖാന്തിരം മേൽ സ്കൂളുകളിൽ നടന്നിട്ടില്ലെന്നും ഭാവിയിൽ നടത്താൻ വേണ്ടിയാണ് തുക പിൻവലിച്ചിട്ടുള്ളത് എന്നാണ് അറിയിച്ചിട്ടുള്ളത്.

| ക്രമ നമ്പർ | പണം കൈപ്പറ്റിയ ആളുടെ പേര് | തുക | ഇനം |
|---|---|---|---|
| 1 | ദേവരാജൻ | 1,200 | ബാനർ |
| 2 | മോയിൻ | 12,600 | ലൈറ്റ് & സൌണ്ട്സ് |
| 3 | വിനോദ് | 18,000 | യോഗ പരിശീലനം |
| 4 | ഹോട്ടൽ വിനോദ് | 18,000 | ഭക്ഷണം |

| | | | |
|---|---|---|---|
| | ആകെ | 49,800 | |

ഇതിൽ നിന്നും യഥാർത്ഥത്തിൽ യോഗാക്ളാസ് നടക്കുകയുണ്ടായിട്ടില്ല, നടക്കാത്ത പ്രവൃത്തിയുടെ പേരിലാണ് ബാനർ(1200/-), മൈക്ക്സെറ്റ്(12600/-), യോഗക്ളാസ്(18000/-), ഭക്ഷണം(18000/-)എന്നീ ഇനങ്ങളിൽ ചെലവഴിച്ചതായി കാണിച്ച് 49800/-രൂപ പിൻവലിച്ചിട്ടുള്ളതെന്ന് ഇതിൽ നിന്നും വ്യക്തമാണ്. ആയത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതും, നടക്കാത്ത പരിപാടിയുടെ പേരിൽ വൗച്ചർ തയ്യാറാക്കി തുക പിൻവലിച്ച ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിക്കേണ്ടതുമാണ്.

ഈ തുക പഞ്ചായത്ത് ഫണ്ടിൽ തിരിച്ചടക്കേണ്ടതാണ്.

ആസൂത്രണത്തിലേയും നടപ്പാക്കിയതിലേയും പാകപ്പിഴകൾ

പ്ളാൻ ഫണ്ടുപയോഗിച്ച് നടപ്പിലാക്കാൻ സാധുതയില്ലാത്ത, "വിദ്യാർത്ഥികൾക്ക് യോഗപരിശീലനം" പ്രൊജക്ടിലുൾപ്പെടുത്തി തുക ചെലവഴിക്കാൻ പ്രൊജക്ട് തയ്യാറാക്കിയത് ഒട്ടും മുന്നൊരുക്കമില്ലാതെയാണ്. സ്കൂളുകളും വിദ്യാർത്ഥികളും പരീക്ഷയുടെ തിരക്കിലാവുന്ന മാർച്ച് മാസം യോഗപരിശീലനം ഷെഡ്യൂൾ ചെയ്തത്,സാധുതയുള്ള പ്രൊജക്ട് ആയിരുന്നുവെങ്കിൽ പോലും വിജയിക്കാനുള്ള സാധ്യത ഒട്ടുമുണ്ടാകുമായിരുന്നില്ല.ആസൂത്രണ സമിതികൾ, ഗ്രാമസഭകൾ,സ്റ്റാന്റിംഗ് കമ്മറ്റികൾ,വർക്കിംഗ് ഗ്രൂപ്പുകൾ,വികസന സെമിനാർ തുടങ്ങിയ വിവിധ ഘടകങ്ങളിലൂടെ ഉയർന്നു വരേണ്ട പ്രൊജക്ടിൽ യോഗപരിശീലനം എന്ന ഇനം എച്ച്.ഐയുടെ നിർദ്ദേശ പ്രകാരം പ്രൊജക്ടിൽ ഉൾപ്പെട്ടു എന്നു പറയുന്നത് തന്നെ ജനകീയമായ ആസൂത്രണത്തെ തകിടംമറയ്ക്കുന്നതാണ്.വർക്കിംഗ് ഗ്രൂപ്പ് എന്ന സംവിധാനം പ്രൊജക്ട് നിർവ്വഹണ/അനന്തര കാലങ്ങളിൽ മോണിട്ടറിംഗ് സമിതിയായി പ്രവർത്തിക്കേണ്ടതാണ്.എന്നാൽ മോണിട്ടറിംഗ് സമിതി, പ്രൊജക്ടുകൾ കൃത്യമായി മോണിട്ടറിംഗ് ചെയ്തിരുന്നെങ്കിൽ, യഥാർത്ഥത്തിൽ നടക്കാത്ത പ്രവൃത്തിയുടെ പേരിൽ ഇങ്ങനെയൊരു ചെലവ് കാണിക്കുമായിരുന്നില്ല.പദ്ധതി നടപ്പാക്കുന്നതിലും,സുതാര്യതയിലും പ്രൊജക്ട് നടത്തിപ്പിലുണ്ടാകുന്ന ഗുരുതരമായ പ്രശ്നങ്ങൾ കൃത്യമായി കണ്ടെത്തി ഒഴിവാക്കേണ്ടതാണ്

## 3-13 വിവിധ സ്രോതസ്സുകളിൽ നിന്നുള്ള ഫണ്ടുകളുടെ ലഭ്യത ഉറപ്പു വരുത്തുന്നില്ല

പ്രൊജക്ട് :പകർച്ചവ്യാധി നിയന്ത്രണം

പ്രൊജക്ട് നമ്പർ :116/2017-18

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ

ബിൽ നമ്പർ,തുക : 6/28-02-2018, 21,265 /-

9/27-03-2018 178,735 /-

മേൽ പ്രൊജക്ട് പ്രകാരം 200,000/- രൂപ വിവിധ ഇനങ്ങളിലായി ചെലവഴിച്ചിട്ടുണ്ട്.തുക ചെലവഴിച്ചതിന്റെ വിശദാംശം ചുവടെ കാണിക്കുന്നു.

| ക്രമ നമ്പർ | പേര് | തുക | ഇനം |
|---|---|---|---|
| 1 | അജിത്.എം.എ | 21,265 | വാഹന വാടക |
| 2 | ദേവരാജൻ | 11,471 | ബാനർ |
| 3 | പുഷ്പവല്ലി | 1,141 | ഭക്ഷണം(എയ്ഡ്സ് ദിനാചരണം) |
| 4 | അജിത്.എം.എ | 23,353 | വാഹന വാടക |
| 5 | വിനോദ് | 18,000 | യോഗ പരിശീലനം |
| 6 | വിജേഷ്.കെ | 5,500 | ഫോഗിംഗ് |
| 7 | അമീൻ.എൻ.കെ | 5,500 | ഫോഗിംഗ് |
| 8 | മോയിൻ | 34,600 | വാഹന വാടക,ലൈറ്റ് & സൌണ്ട്സ് |
| 9 | ബ്രസൂക്ക | 37,606 | പ്രിന്റ് |

| | | | |
|---|---|---|---|
| 10 | തിരുവമ്പാടി ഫ്യുവൽ | 23,564 | ഡീസൽ,പെട്രോൾ ചാർജ്ജ് |
| 11 | ഹോട്ടൽ വിനോദ് | 18000 | ഭക്ഷണം(യോഗപരിശീലനം) |
| | ആകെ | 200,000 | |

പ്രൊജക്ട് നടത്തിപ്പുമായി ബന്ധപ്പെട്ട ചില ഇനങ്ങൾക്ക് വിവിധ സ്രോതസ്സുകളിൽ നിന്നുള്ള ഫണ്ടുകളുടെ ലഭ്യത പരിശോധിക്കപ്പെട്ടതായി കാണുന്നില്ല.

എ) വിവിധ പരിപാടികളുടെ ജീപ്പ് അനൌൺസ്മെന്റിനായി വാഹന വാടകയും മൈക്ക് സെറ്റും ഉൾപ്പെടെ 22000/-രൂപ ചുവടെ ചേർത്തിരിക്കുന്ന പ്രകാരം സാഹിറ ലൈറ്റ് & സൌണ്ട്സ് എന്ന സ്ഥാപനത്തിനായി നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | തിയ്യതി | ഇനം | തുക |
|---|---|---|---|
| 1 | 16-05-2017 | ഡെങ്കിപ്പനി ബോധവത്ക്കരണം | 5500 |
| 2 | 21-05-2017 | ഡെങ്കിപ്പനി ബോധവത്ക്കരണം | 5500 |
| 3 | 4-10-2017 | മീസിൽസ് റൂബല്ല വാക്സിനേഷൻ ക്യാമ്പയിൻ | 5500 |
| 4 | 26-01-2018 | ക്ഷയരോഗ നിർമ്മാർജനം ക്യാമ്പയിൻ | 5500 |
| | | ആകെ | 22000 |

ഒരു ആംപ്ളിഫയർ,രണ്ട് കാബിൻ,ഒരു മൈക്ക് എന്നിവ പി.എച്ച്..സിയുടെ കൈവശമുണ്ടായിരിക്കെയാണ് മൈക്ക് അനൌൺസ്മെന്റിന് തുക ചെലവഴിച്ചിരിക്കുന്നത്.

മേൽ പറഞ്ഞ പ്രോഗ്രാമുകൾക്ക് അനൗൺസ്മെന്റിനായി പ്രത്യേകം ഫണ്ട് എൻ.ആർ. എച്ച്.എം ,വിവിധ പ്രോഗ്രാം ഫണ്ട് തുടങ്ങിയവയിൽ നിന്നും ഡിപ്പാർട്ട്മെന്റലായി അനുവദിക്കാറുണ്ട്. അതുകൊണ്ട് മേൽ ചെലവുകൾക്കുള്ള തുക ഡിപ്പാർട്ട്മെന്റലായി ലഭ്യമായിട്ടില്ലെന്ന് ഉറപ്പു വരുത്തിയതിന് ശേഷം മാത്രമേ മേൽ ചെലവ് അംഗീകരിക്കാനാവൂ.

ബി) വിവിധ പരിപാടികളുടെ നോട്ടീസ് പ്രിന്റിംഗിനായി 21890/-രൂപ ബെസൂക്ക എന്ന സ്ഥാപനത്തിനായി നൽകിയിട്ടുണ്ട്.വിശദാംശം ചുവടെ:

| ക്രമ നമ്പർ | ഇനം | തുക |
|---|---|---|
| 1 | ഡെങ്കിപ്പനി നോട്ടീസ് | 9490 |
| 2 | പൾസ് പോളിയോ നോട്ടീസ് | 3200 |
| 3 | മീസിൽസ് റൂബല്ല വാക്സിനേഷൻ നോട്ടീസ് | 3200 |
| 4 | സർവ്വേ ഫോം നോട്ടീസ് | 6000 |
| | ആകെ | 21890 |

മേൽ പറഞ്ഞ പല പ്രോഗ്രാമുകൾക്കും നോട്ടീസിനായി എൻ.ആർ.എച്ച്.എം ഫണ്ട്,വിവിധ പ്രോഗ്രാം ഫണ്ട് തുടങ്ങിയവയിൽ നിന്നും ഡിപ്പാർട്ട്മെന്റലായി നൽകുകയോ അല്ലെങ്കിൽ നോട്ടീസ് തന്നെ നൽകുകയോ ചെയ്യാറുണ്ട്.അതുകൊണ്ട് മേൽ ചെലവുകൾക്കുള്ള തുക ഡിപ്പാർട്ട്മെന്റലായി ലഭ്യമായിട്ടില്ലെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

സി) ശ്രീ അജിത്ത്.എൻ.എം. ന് വാഹനവാടകയായി നൽകിയ 44618 രൂപയിൽ 34668/- രൂപ വിവിധ സബ്സെന്ററുകളിൽ വെച്ച് നടക്കുന്ന കുത്തിവെപ്പുകൾക്ക് മരുന്നും ഉപകരണങ്ങളും എത്തിക്കുന്നതിനും മുക്കം സി.എച്.സിയിൽ നിന്നും മരുന്നും ഉപകരണങ്ങളും കൊണ്ടുവരുന്നതിനും വാഹന വാടകയായി നൽകിയതാണ്. എൻ.എച്ച്.എം ഫണ്ട്,വിവിധ പ്രോഗ്രാം ഫണ്ട് തുടങ്ങിയവയിൽ നിന്നും ഡിപ്പാർട്ട്മെന്റലായി തുക ലഭ്യമായിട്ടില്ലെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

ഡി) വിവിധ പരിപാടികളുടെ ബാനറിനായി 5200/-രൂപ സിഗ്നി എന്ന സ്ഥാപനത്തിനായി ശ്രീ ദേവരാജന്

നൽകിയിട്ടുണ്ട്.വിശദാംശം ചുവടെ:

| ക്രമ നമ്പർ | ഇനം | തുക |
|---|---|---|
| 1 | ഡെങ്കിപ്പനി ബോധവൽക്കരണം | 2000 |
| 2 | ട്രാൻസ് മിഷൻ അസസ്മെന്റ് സർവ്വേ | 400 |
| 3 | ആരോഗ്യ ജാഗ്രത ആരോഗ്യ ശുചിത്വ സർവ്വേ | 400 |
| 4 | ക്ഷയരോഗ നിർമ്മാർജന സർവ്വേയും രോഗികളെ കണ്ടെത്തലും | 400 |
| 5 | ദേശീയ വിര വിമുക്ത ദിനം | 400 |
| 6 | സംസ്ഥാന ക്ഷയരോഗ നിർമാർജനം പരിപാടി വളണ്ടിയർമാർക്കുള്ള പരിശീലനം | 400 |
| 7 | പകർച്ചവ്യാധി നിയന്ത്രണ സെമിനാർ | 400 |
| 8 | ഡെങ്കു ഡേ ദിനാചരണം | 400 |
| 9 | എയ്ഡ്സ് ഡേ ദിനാചരണം | 400 |
| | ആകെ | 5200 |

മേൽ പറഞ്ഞ പല പ്രോഗ്രാമുകൾക്കും ബാനറിനായി എൻ.ആർ.എച്ച്.എം ഫണ്ട്,വിവിധ പ്രോഗ്രാം ഫണ്ട് തുടങ്ങിയവയിൽ നിന്നും ഡിപ്പാർട്ട്മെന്റലായി നൽകാറുണ്ട്.അതുകൊണ്ട് മേൽ ചെലവുകൾക്കുള്ള തുക മറ്റൊരു തരത്തിലും ലഭ്യമായിട്ടില്ലെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

ഇത് സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥൻ വിശദമായ മറുപടി ഹാജരാകേണ്ടതാണ്. മേൽ പറഞ്ഞ എ,ബി,സി,ഡി ഖണ്ഡികകളിലെ ചെലവുകൾക്ക് മറ്റൊരു സ്രോതസ്സിൽ നിന്നും ഫണ്ട് ലഭിച്ചിട്ടില്ലെന്ന് ഉറപ്പ് വരുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. മേൽ 4 ഖണ്ഡികകളിലെ ചെലവുതുകയായ 83,758/-രൂപ (22,000 +21,890 +34,668 + 5200)ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

<u>പ്രൊജക്ട് രൂപീകരണ ഘട്ടങ്ങളിലൊന്നും മറ്റു വിഭവ സ്രോതസ്സുകൾ പരിഗണിച്ചില്ല</u>

മേൽ പറഞ്ഞ ചെലവുകൾക്കെല്ലാം മറ്റു സ്രോതസ്സിൽ നിന്നും സാധ്യതകളുണ്ടായിട്ടും പ്രൊജക്ട് രൂപീകരണ വേളയിൽ അതൊന്നും പരിഗണിക്കുകയുണ്ടായില്ല. അതുകൊണ്ടു തന്നെ പദ്ധതിക്ക് അന്തിമരൂപം നൽകുമ്പോൾ ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി, മറ്റു വിഭവ സ്രോതസ്സുകൾ പരിഗണിക്കാതെ ശുപാർശ ചെയ്യുകയും ഭരണസമിതി അംഗീകരിക്കുകയും ചെയ്യുന്ന സ്ഥിതിവിശേഷം സംജാതമായത്. അങ്ങനെ വാർഷിക പദ്ധതിയിലും വിവിധ സ്രോതസ്സുകളിൽ നിന്നുള്ള വിഭവ സമാഹരണം പരിഗണിക്കപ്പെടാതെപോയി. തുടർ വർഷങ്ങളിൽ വിവിധ സ്രോതസ്സുകളിൽ നിന്നുള്ള വിഭവ സമാഹരണം പ്രൊജക്ട് രൂപീകരണ ഘട്ടങ്ങളിൽ ചർച്ച ചെയ്യപ്പെടേണ്ടതാണ്.

## **3-14** <u>ലാബിലേക്ക് ഉപകരണങ്ങൾ വാങ്ങൽ :അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത കാരണം ഉപയോഗിക്കാതെ കിടക്കുന്നു</u>

പ്രൊജക്ട് :ലാബിലേക്ക് ഉപകരണങ്ങൾ വാങ്ങൽ

പ്രൊജക്ട് നമ്പർ :55/2017-18

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ

ചെക്ക് നമ്പർ,തുക : 434498/19-01-2018, 231,362 /-

മേൽ പ്രൊജക്ട് പ്രകാരം 231,362/-രൂപ വിലവരുന്ന ഹെമറ്റോളജി അനലൈസർ-3 പാർട്ട്(hematology analyser-3 part) എന്ന ലാബ് ഉപകരണം കേരള മെഡിക്കൽ സർവ്വീസ് കോപറേറ്റീവിൽ നിന്നും വാങ്ങിയിട്ടുണ്ട്. എന്നാൽ ഈ ഉപകരണം സ്റ്റോക്കിലെടുക്കുകയുണ്ടായിട്ടില്ല. സ്റ്റോക്കിലെടുക്കാത്തതിനെക്കുറിച്ച് അന്വേഷിച്ചതിൽ, ലാബിന്റെ പണിപൂർത്തീകരിച്ചിട്ടില്ലെന്നും ഇലക്ട്രിക്കൽ വർക്ക്, പ്ലംബിംഗ് വർക്ക് മുതലായ പണികൾ അവശേഷിക്കുന്നത് കൊണ്ട് ഉപകരണങ്ങൾ ഇൻസ്റ്റാൾ ചെയ്തിട്ടില്ലെന്നും അതിനാലാണ്

സ്റ്റോക്കിലെടുക്കാത്തതെന്നും അറിയിച്ചു. അടിസ്ഥാന സൗകര്യങ്ങളൊരുക്കാതെ ഉപകരണങ്ങൾ വാങ്ങുന്നതിന് പ്രഥമ പരിഗണന നല്കിയതിനാൽ ലാബ് ഉപകരണങ്ങളുടെ പെട്ടി പോലും പൊട്ടിക്കാതെ സൂക്ഷിച്ചിരിക്കയാണെന്നാണ് അറിയിച്ചിരിക്കുന്നത്. ഉപകരണം കിട്ടി 6 മാസമായിട്ടും പ്രസ്തുത ഉപകരണം ഉപയോഗിക്കാൻ പറ്റാത്ത അവസ്ഥയിലാണ്. ലാബ് ഉപകരണത്തിന്റെ ഗ്യാരന്റി പിരീഡിൽ/ഉപയോഗിക്കാവുന്ന കാലയളവിൽ നിന്നും 6 മാസം നഷ്ടപ്പെട്ടിരിക്കുകയാണ്.

<u>ഭാവനാപൂർണ്ണമായ പദ്ധതികളുടെ ആസൂത്രണം ആവശ്യം</u>

അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത കാരണം ലാബിലേക്ക് വാങ്ങിയ ഉപകരണങ്ങൾ ഉപയോഗിക്കാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. ഇത് മറികടക്കാനാവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിൽ വരുത്താൻ കഴിയാത്തത് കാരണം ലക്ഷങ്ങൾ മുടക്കി വാങ്ങിയ ഉപകരണങ്ങൾ നിർജ്ജീവാവസ്ഥയിലായി. തുടർ പദ്ധതികൾ നടപ്പിലാക്കിയാൽ മാത്രം വിജയകരമാവുന്ന പദ്ധതികളുടെ കാര്യത്തിൽ അത്തരം പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിൽ വരുത്താൻ ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റിക്ക് കഴിയാതെ പോയി. പ്രോജക്ട് രൂപീകരണ വേളകളിലും പദ്ധതിക്ക് അന്തിമരൂപം നൽകുന്ന അവസരങ്ങളിലും ഭാവനാപൂർണ്ണമായ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിൽ വരുത്തിയില്ലെങ്കിൽ തുടർവർഷങ്ങളിലും ഇതുപോലെ ഭീമമായ തുകകൾ ചിലവഴിച്ചിട്ടും അതിന്റെ ഗുണഫലം അനുഭവിക്കാൻ കഴിയാത്ത അവസ്ഥ വരും.

## 3-15 <u>ഔദ്യോഗിക ജോലിയുടെ ഭാഗമായുള്ള ചെലവുകൾക്ക് പ്രൊജക്ടിൽ ഉൾപ്പെടുത്തി തുക അനുവദിക്കുന്നു</u>

പ്രൊജക്ട് :പകർച്ചവ്യാധി നിയന്ത്രണം

പ്രൊജക്ട് നമ്പർ :116/2017-18

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ

ബിൽ നമ്പർ,തുക : 9/27-03-2018 178,735 /-

ഡി&ഒ ലൈസൻസ് പരിശോധനയുമായി ബന്ധപ്പെട്ട് ഹെൽത്ത് ഇൻസ്പെക്ടർ നടത്തിയ യാത്രകൾക്ക് ശ്രീ അജിത്ത്.എൻ.എംന് കെ.എൽ-10-ജി.5785നമ്പർ വാഹനത്തിന്റെ വാടകയായി താഴെ പറയും പ്രകാരം തുക നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | യാത്രാ തിയ്യതി | സ്ഥലം | |
|---|---|---|---|
| 1 | 19-04-2017 | പുന്നക്കൽ,പുല്ലൂരാമ്പാറ,ആനക്കാംപൊയിൽ,തൊണ്ടിമ്മൽ,തിരുവമ്പാടി | 1000 |
| 2 | 15-05-2017 | പുന്നക്കൽ,പുല്ലൂരാമ്പാറ,ആനക്കാംപൊയിൽ,തൊണ്ടിമ്മൽ | 1,000 |
| 3 | 19-06-2017 | പുന്നക്കൽ,പുല്ലൂരാമ്പാറ,ആനക്കാംപൊയിൽ,തൊണ്ടിമ്മൽ | 1,000 |
| 4 | 17-07-2017 | പുന്നക്കൽ,പുല്ലൂരാമ്പാറ,ആനക്കാംപൊയിൽ,തൊണ്ടിമ്മൽ | 1,000 |
| 5 | 21-08-2017 | പുന്നക്കൽ,പുല്ലൂരാമ്പാറ,ആനക്കാംപൊയിൽ,തൊണ്ടിമ്മൽ | 1,000 |
| | | ആകെ | 5,000 |

തന്റെ നിത്യേനേയുള്ള ജോലിയുടെ ഭാഗമായി തന്റെ ഹെഡ് കോർട്ടേഴ്സിനുള്ളിലെ ഫീൽഡിൽ സഞ്ചരിക്കേണ്ടി വരുന്ന ജീവനക്കാർക്ക് ആയത് വഹിക്കുന്നതിനായി സർക്കാർ പെർമനെന്റ് കൺവെയൻസ് അലവൻസ്

അനുവദിച്ചിട്ടുണ്ട്. ഈ വിഭാഗത്തിൽപ്പെടുന്ന ഹെൽത്ത് ഇൻസ്പെക്ടർ, തന്റെ ദൈനംദിന ജോലിയുടെ ഭാഗമായി നടത്തിയ ഹെഡ്കോർട്ടേസിനുള്ളിലെ യാത്രകൾക്ക് വാഹന വാടക നൽകാൻ പാടില്ലെന്നിരിക്കെ ഇതിനായി പ്രൊജക്ടിൽ നിന്നും തുക ചെലവഴിച്ചത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഇങ്ങനെ ചെലവഴിച്ച 5,000/-രൂപ തിരികെ ഈടാക്കേണ്ടതാണ്.

<u>പ്രൊജക്ട് രൂപീകരണത്തിലെ പാകപ്പിഴ</u>

ഒരു ജീവനക്കാരന്റെ ദൈനം ദിന പ്രവൃത്തിയുടെ ഭാഗമായുള്ള ചിലവിലേക്ക് പ്രൊജക്ട് വെച്ച് തുക വകയിരുത്തിയത് ഒരു തരത്തിലും നീതീകരിക്കാനാവില്ല. പ്രൊജക്ട് രൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ കഴിഞ്ഞ് പ്രൊജക്ട് അതിന്റെ പരിപൂർണ്ണ അവസ്ഥയിലെത്തുമ്പോഴും ഇത്തരം അപാകതകൾ ഒഴിവാക്കപ്പെടാതെ അവശേഷിക്കുന്നത് ഖേദകരമാണ്. ഭാവിയിൽ ഇത്തരം അവസരം തീർത്തും ഒഴിവാക്കപ്പെടേണ്ടതാണ്.

## 3-16 <u>സ്പോർട്സ് പരിശീലനം:തനതു ഫണ്ടിനു പകരം പ്ലാൻഫണ്ട് ഉപയോഗിച്ചു</u>

പ്രൊജക്ട് :സ്പോർട്സ് പരിശീലനം

പ്രൊജക്ട് നമ്പർ :124/2017-18

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഹെഡ് മിസ്ട്രസ്

ബിൽ നമ്പർ,തുക : 4/9-02-2018, 300,000 /-

മേൽ പ്രൊജക്ട് പ്രകാരം 300,000/-രൂപ സ്പോർട്സ് പരിശീലനം,ഭക്ഷണം എന്നിവയ്ക്കായി മലബാർ സ്പോർട്സ് അക്കാദമി,കോസ്മോസ് തിരുവമ്പാടി എന്നീ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. സർക്കാർ ഉത്തരവ്(സാധാ)3812/17/തസ്വഭവ തി.27-11-2017 പ്രകാരം മേൽ ഉദ്ദേശത്തിന് തനതുഫണ്ട് വിനിയോഗിക്കാനാണ് പ്രത്യേക അനുമതി നല്കിയത്. എന്നാൽ ഇതിനു വേണ്ടി പ്ലാൻ ഫണ്ട് ആണ് ചെലവഴിച്ചിരിക്കുന്നത്. വ്യക്തമായ സർക്കാർ ഉത്തരവു മറികടന്ന് തനതു ഫണ്ടിനു പകരം പ്ലാൻ ഫണ്ട് ചെലവഴിച്ചത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ചെലവുതുക 3,00,000/-രൂപ പ്ലാൻ ഫണ്ടിലേക്ക് തിരിച്ചടക്കേണ്ടതാണ്.

<u>സർക്കാർ ഉത്തരവു വന്നിട്ടും യഥാസമയം തീരുമാനമെടുത്തില്ല</u>

പ്രൊജക്ട് രൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ കഴിഞ്ഞ് പ്രൊജക്ട് അതിന്റെ പരിപൂർണ്ണ അവസ്ഥയിലെത്തിയിട്ടുണ്ടെങ്കിലും 27-11-2017ലെ സർക്കാർ ഉത്തരവ് വന്നതിന് ശേഷം 9-02-2018ലാണ് പ്രൊജക്ടിലെ ചെലവ് നടക്കുന്നത്. പ്രൊജക്ട് പുതുക്കാൻ സമയമുണ്ടായിരുന്നെങ്കിലും ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റിയോ ഭരണസമിതിയോ,പ്ലാൻ ഫണ്ടിനു പകരം തനതുഫണ്ട് വെച്ച് പ്രൊജക്ട് പുതുക്കാൻ നടപടിയൊന്നും സ്വീകരിച്ചില്ല. സർക്കാർ ഉത്തരവ് അവഗണിച്ച് ഫണ്ട് വകമാറ്റി ചെലവഴിച്ചത് ആശാസ്യമല്ല. ഭാവിയിൽ ഇത്തരം അപാകതകൾ തീർത്തും ഒഴിവാക്കപ്പെടേണ്ടതാണ്.

## 3-17 <u>ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല</u>

<u>നിർവഹണഉദ്യോഗസ്ഥൻ-വി.ഇ.ഒ</u>

ഗ്രാമപഞ്ചായത്തിലെ ഭവനനിർമ്മാണ പദ്ധതികളിൽ തവണകളായി തുക കൈപ്പറ്റിയിട്ടു ചുവടെ ചേർത്തിരിക്കുന്ന ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തിയായതായി കാണുന്നില്ല. വിശദവിവരങ്ങൾ താഴെ പറയുന്നു.

| ഗുണഭോക്താവിൻെറ പേര് | അനുവദിച്ചതുക | കൈപ്പറ്റിയ ഗഡു | അവസാനഗഡുകൈപ്പറ്റിയ തിയ്യതി | റിമാർക്സ് |
|---|---|---|---|---|
| ആമിന ഉറുമിക്കൽ | 200000 | 3 | 26.06.2018 | മേൽക്കൂരതീർത്തു |
| ജോർജ് പന്തലാടിക്കൽ | 200000 | 3 | 26.06.2018 | ചുമർ ഉയരം പൂർത്തിയായി |

| | | | | |
|---|---|---|---|---|
| ഭാനമതി ഗോപാലകൃഷ്ണൻ | 200000 | 1 | 26.06,2018 | പണി ആരംഭിച്ചിട്ടില്ല |
| ബിനോയ്ആലപ്പാട്ട് | 200000 | 1 | 15.03.17 | പണിആരംഭിച്ചിട്ടില്ല. |

ഇതിനു പുറമെ പി. എം. എ. വൈ. വിഹിതം നൽകിയ ഗുണഭോക്താക്കളായ ഭവാനി പരമേശ്വരൻ, മണിയച്ചറ, പാലക്കാവ്, സബിതസുബ്രമണ്യൻ, കൊടക്കാട്ടുപറ, പുല്ലുരാംപാറ എന്നിവരുടെ വീട് പൂർത്തിയായതിൻെറ വിനിയോഗസർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി(6/17-18)ക്ക് നൽകിയ മറുപടിയിൽ ഭവനനിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുകയാണെന്നും ജലദൗർലഭ്യവും ഗതാഗതത്തിനുള്ള അസൗകര്യവുമാണ് നിർമ്മാണം വൈകാൻ കാരണമെന്നറിയിച്ചു. ഭവനനിർമ്മാണം പൂർത്തിയാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-18 മരുന്ന് വാങ്ങൽ - ആയുർവേദാശുപത്രി സമയപരിധി പാലിക്കുന്നില്ല

നിർഹണഉദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ ആയുർവേദം

| പ്രോജക്റ്റ് നമ്പർ | ചെലവഴിച്ചതുക | ബിൽനമ്പർ തിയ്യതി |
|---|---|---|
| SO106/18 | 350000 | 2/17-18 31/08/17 |
| SO107/18 | 273300 | 1/17-18.31.08.17 |

മേൽപറഞ്ഞ തുക ഔഷധിയ്ക്ക് നൽകിയിട്ടും മരുന്നിന്റെ വിതരണത്തിൽ കാലതാമസം കാണുന്നു. ലഭിച്ച മരുന്നിന്റെ വിശദവിവരം താഴെ ചേർക്കുന്നു

| ക്രമനമ്പർ | ഇൻവോയ്സ് നമ്പർതിയ്യതി | മരുന്നിന്റെ വില | സ്റ്റോക്കിലെടുത്ത തിയ്യതി |
|---|---|---|---|
| 1 | 9003408/19/09/2017 | 274543 | 22.09.2017 |
| 2 | 90044515/13.12.17 | 25850 | 15.12.2017 |
| 3 | 90045525/19 /12/2017 | 4153 | 21.12.2017 |
| 4 | 90052375/02/0218 | 2520 | 04.02.2018 |
| 5 | 90057475/10.03.2018 | 1552 | 12'03.2018 |
| 6 | 90056998/06.03.2018 | 9910 | 08.03.18 |
| 7 | 90057727/12.03.2018 | 2066 | 15.03.08 |
| 8 | 90063199/14.05-2018 | 6650 | 15.05.2018 |
| 9 | 90064731/24.05.2018 | 8446 | 26.05.2018 |
| 10 | 90059279/21,03.2018 | 10694 | 22.03.2018 |

| | | | |
|---|---|---|---|
| 11 | 90060965/28.03.2018 | 2293 | 30.03.2018 |
| | total | 348667 | |

| | | |
|---|---|---|
| 1 | 90034050/19/09/2017 | 158259 19.09.2017 |
| 2 | 90044527/13/12.2017 | 20708 15.12.2017 |
| 3 | 90045424/19.12.2017 | 14706 20/12/2017 |
| 4 | 90052368/02.02.18 | 3940 04.02.2018 |
| 5 | 90057730/12.03.2018 | 5665 12.03.2018 |
| 6 | 90057479/17.03.2018 | 2986 19.03.2018 |
| 7 | 90057224/03.03.2018 | 19808 04.03.2018 |
| 8 | 90063149/14.05.2018 | 6993 16.05.2018 |
| 9 | 90064730/24.05.2018 | 16477 26.05.2018 |
| 10 | 90060881/28.03.2018 | 23759 29.03.2018 |

സർക്കുലർ നമ്പർ 13160 ഡി.എ1 തസ്വഭവ28.11.2010 പ്രകാരം 60 ദിവസത്തിനുള്ളിൽ മരുന്ന് വിതരണം ചെയ്യണം.എന്നാൽ 31.08.17 ൽ തുക നൽകിയിട്ടും ഓഡിറ്റ് തിയ്യതി വരെ മരുന്നിന്റെ വിതരണം പൂർത്തിയാക്കിയിട്ടില്ല. നിലവിൽ 1323 രൂപയുടെ മരുന്ന് വിതരണം ചെയ്യുവാനുണ്ട്. ഔഷധിയുമായി കരാർ ചമച്ചിട്ടു. (തദ്ദേശസ്ഥാപനങ്ങൾ മരുന്ന് വാങ്ങുമ്പോൾ രണ്ട് മാസത്തിനുള്ളിൽ വിതരണം ചെയ്യണമെന്ന് കരാർ ചമയ്ക്കണം). ഈ നിബന്ധനപാലിച്ചിട്ടില്ല. ഓഡിറ്റ് എൻക്വയറിക്ക് കൃത്യമായി മറുപടി നൽകിയതിനാൽ മറ്റു പരാമർശങ്ങൾ ഒഴിവാക്കി.

## 3-19 ഗാർഹികമാലിന്യസംസ്കരണം-റിംഗ് കംമ്പോസ്റ്റ്-ലക്ഷ്യം കൈവരിച്ചിട്ടില്ല

നിർവഹണഉദ്യോഗസ്ഥൻ – വി.ഇ.ഒ

അടങ്കൽ - 637500 plan

3187500 central fund

425000 Beneficiary contribution

Project No. So 245/18

ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 22.12.2017 ലെ 1(2)തീരുമാനപ്രകാരം മേൽപറഞ്ഞ പദ്ധതിനടത്തിപ്പിനായി വീടുകളിൽ റിംഗ് കംമ്പോസ്റ്റ് യൂനിറ്റുകൾ സ്ഥാപിക്കുന്നതിന്നായി Raidco Kerala Ltd.Kannur നെ ടെണ്ടർ മുഖേന തെരഞ്ഞെടുത്തിരുന്നു. 2018 ജനവരി 10 ഗ്രാമപഞ്ചായത്തുമായി റംയ്ഡ്കോ കരാർ ചമച്ചു. ഒരു യൂനിറ്റിന് 2495 രൂപ നിരക്കിൽ 924 വീടുകളിൽ റിംഗ് കമ്പോസ്റ്റ് യൂനിറ്റുകൾ സ്ഥാപിക്കുന്നതിന്നായുള്ള കരാറാണിത്. അത് പ്രകാരം തൻവർഷം ഗുണഭോക്തൃവിഹിതമായി 922 പേരിൽ നിന്നു 250 രൂപ വീതം 230500 രൂപ പിരിച്ചെടുത്തു. ബിൽ നമ്പർ 03/17-18- 31.03.2018പ്രകാരം 636277രൂപ വികസനഫണ്ടിൽ നിന്നു ചെലവഴിച്ചു.

ശുചിത്വമിഷ്യന്റെ നം2789/c1/2013 /SM Dated 17.03.2017 പ്രകാരം താഴെപറയുന്ന പ്രകാരം സാങ്കേതിക അനുമതി നല്കി. അംഗീകരിച്ച സംസ്കരണ യൂണിറ്റുകളുടെ എണ്ണം, യൂണിറ്റ് കോസ്റ്റ് വിവിധതലത്തിലുള്ള സബ്സിഡി എന്നിവ താഴെപറയുന്ന

| നം | സാങ്കേതിക വിദ്യ | എണ്ണം | അംഗീകരിച്ച യൂനിറ്റ് നിരക്ക് | അടങ്കൽ തുക | സബ്സിഡി<br>ശുചിത്വ മിഷ്യന്റെ വിഹിതം | പഞ്ചായത്ത് വിഹിതം | ഗുണഭോക്തൃ വിഹിതം | റിമാർക്സ് |
|---|---|---|---|---|---|---|---|---|

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 1 | റിംഗ്കംമ്പോസ്റ്റ് യൂനിറ്റ് | 1000.00 | 2500 | 2500000.00 | 1612500. | 637500. | 250000. | |
| | ആകെ | | | 2500000.00 | 1612500 | 637500 | 2500000.00 | |

യൂനിറ്റ്കോസ്റ്റിൽ കടത്തുകൂലിയും എല്ലാതരം നികുതികളും ഉൾപ്പെടുന്നു. പദ്ധതിനടത്തിപ്പ് പരിശോധനയ്ക്ക് വിധേയമാക്കിയപ്പോൾ താഴെപറയുന്ന അപാകതകൾ കണ്ടു.

എ) റെയ്ഡ്ക്കോയുമായുള്ള കരാർ പ്രകാരം 2018 മാർച്ച് 16 നകം പദ്ധതി നിർവഹണം പൂർത്തികരിച്ച് പൂർത്തികരണപത്രമടക്കമുള്ള രേഖകൾ നിർവഹണ ഉദ്യോഗസ്ഥന് കൈമാറേണ്ടതാണ്. കാലതാമസം മൂലമുണ്ടാകുന്ന കഷ്ട നഷ്ടങ്ങൾക്ക് ഗ്രാമപഞ്ചായത്തിന് ഉത്തരവാദിത്വമുണ്ടായിരിക്കുന്നതല്ല.

എന്നാൽ തൻവർഷം 255 പേർക്കാണ് ഇതിന്റെ പ്രയോജനം ലഭിച്ചത്. ഒരോ വാർഡിലും ലഭിച്ചവരുടെ വിവരം താഴെപറയുന്നു.

| വാർഡ് നം | ലഭിച്ച ഗുണഭോക്തക്കൾ | റിമാർക്സ് |
|---|---|---|
| 4 | 16 | |
| 5 | 46 | |
| 6 | 39 | |
| 7 | 62 | |
| 17 | 92 | |
| Total | 255 | |

കരാറിൽ പറഞ്ഞ സമയപരിധിക്കുള്ളിൽ പദ്ധതിനടപ്പാക്കാനായിട്ടില്ല. അതിനു വിശദീകരണം നൽകേണ്ടതാണ്.

ബി).പദ്ധതി നടപ്പിലാക്കുന്നതിൻെറ പുരോഗതി ജില്ലാ ശുചിത്വമിഷ്യൻ മോണിറ്റർ ചെയ്തതിന്റെ രേഖകൾ ലഭ്യമല്ല.

സി).പദ്ധതി നടപ്പിലാക്കുന്നത് ശുചിത്വമിഷ്യൻെറ സാമ്പത്തിക സഹായത്തോടെയാണെന്ന് തെളിയിക്കുന്ന സ്റ്റിക്കർ\ബോർഡ് പതിപ്പിച്ചിട്ടുണ്ടെന്ന് കംപ്ളിഷൻ സർട്ടിഫിക്കറ്റ് നൽകുന്ന ഉദ്യോഗസ്ഥൻ ഉറപ്പു വരുത്തേണ്ടതാണ്. എന്നാൽ ആ നിബന്ധന പാലിച്ചതായി കാണുന്നില്ല.

മേൽപറഞ്ഞ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം-11/17-18 തീയതി-30.07.18) മറുപടി ലഭിച്ചിട്ടുണ്ട്. മറുപടി പ്രകാരം കാലാവധി നീട്ടി നൽകുവാൻ റെയ്ഡ്കോ ആവശ്യപ്പെട്ടിട്ടുണ്ടെന്നും അത് ഭരണസമിതിയുടെ പരിഗണനയിലാണെന്നറിയിച്ചു. മറുപടി തൃപ്തികരമായ രീതിയിലല്ല നൽകിയത്.

## 3-20 സാമൂഹ്യനിതി വനിതാവികസനം വർക്കിങ് ഗ്രൂപ്പ് ഉചിതമായ തീരുമാനം കൈകൊണ്ടിട്ടില്ല

നിർവഹണഉദ്യോഗസ്ഥൻ - ഐ.സി.ഡി.എസ് സൂപ്പർവൈസർ

സാമൂഹ്യനീതിയുമായി ബന്ധപ്പെട്ട വനിതാവികസനം, ഭിന്നശേഷിയുള്ളവർ, വദ്ധർ, കുട്ടികൾ) വർക്കിംഗ് ഗ്രൂപ്പ് തൻവർഷം നാല് തവണ യോഗം ചേർന്നു. യോഗതീരുമാനങ്ങൾ പരിശോധനയ്ക്ക് വിധേയമാക്കിയപ്പോൾ താഴെ പറയുന്ന അപാകതകൾ കണ്ടു.

എ)വർക്കിങ് ഗ്രൂപ്പ് തീരുമാനം നടപ്പാക്കുന്നതിൽ പരാജയപ്പെട്ടവ.

കൗമാരക്കാരായ കുട്ടികൾക്ക് കൗൺസിലിംഗ്, മഴമറ പച്ചക്കറി കൃഷി, ജൈവവള നിർമ്മാണ യൂനിറ്റ്,സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കൽ, വനിതാവികസന കോർപ്പറേഷനുമായി സഹകരിച്ച് സ്കൂൾ വിദ്യാർത്ഥികൾക്ക് നാപ്കിൻ എന്നിവ നടപ്പാക്കിയിട്ടില്ല

ബി) ജാഗ്രതാസമിതികളുടെ പ്രവർത്തനം പരിശോധനയ്ക്ക് വിധേയമാക്കിയപ്പോൾ തൻവർഷം രണ്ട് യോഗങ്ങൾ മാത്രമാണ് ചേർന്നത്. 27.06 2017, 29.01.2018 തിയ്യതികളിൽ യഥാക്രമം 09,04, അംഗങ്ങൾ ആണ് യോഗത്തിൽ

പങ്കെടുത്തത്. എന്നാൽ സ്ത്രീകളെ പ്രത്യേകിച്ച് സാമൂഹ്യമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്നവരുടെ പ്രശ്നങ്ങൾക്ക് ഒരു ക്രിയാത്മകമായ പരിഹാരനിർദ്ദേശങ്ങൾ ചർച്ച ചെയ്തതായി കാണുന്നില്ല. ഇതിനു പുറമെ ജാഗ്രതാസമിതികളുടെ വാർഡ് മിനുട്ട്സ് പരിശോധനയ്ക്ക് വിധേയമാക്കിയപ്പോൾ കണ്ടെത്തിയ വസ്തുതകൾ താഴെ പറയുന്നു

| ക്രമനം | വാർഡ്നം | യോഗം ചേർന്നതിയ്യതി | പങ്കെടുത്തവരുടെഎണ്ണം | വിശദവിവരം |
|---|---|---|---|---|
| 1 | 4 | 21.11.2017 | 6 | വാർഡ് മെമ്പർ, എ.ഡി.എസ് മെമ്പർ എന്നിവർ എല്ലാ യോഗങ്ങളിലു പങ്കെടുക്കുന്നുണ്ട്.സ്ത്രീകളുടെ പ്രശ്നങ്ങൾക്ക് പരിഹാരനിർദ്ദേശങ്ങൾ കാണുന്നു |
| 2 | 6 | 06.03.17 | 7 | do |
| | | 19.09.17 | 7 | do |
| | | 10.12.17 | 8 | do |
| | | 15.03.18 | 8 | do |
| 3 | 07 | 28.06.17 | 9 | do |
| | | 20.09.17 | 8 | do |
| | | 18.12.17 | 8 | do |
| 4 | 05 | 18.04.17 | 13 | do |
| 5 | 11 | 07.03.17 | 6 | do |
| 6 | 3 | 07.03.17 | 12 | do |
| 7 | 13 | 07.03.17 | 09 | do |
| 8 | 15 | 22.06.18 | 07 | do |
| 9 | 16 | 10;03.17 | 12 | do |
| 10 | 2 | 15,04.17 | 22 | do |
| | | 22.05.17 | 18 | do |
| | | 05.07.17 | 16 | do |
| | | 15.05.17 | 20 | do |
| | | 13.09.17 | 22 | do |
| | | 28.10.17 | 15 | do |
| | | 01.11.17 | 16 | do |
| | | 14.11.17 | 17 | do |
| | | 10.12.17 | 14 | do |
| | | 23.01.18 | 13 | do |
| | | 28.03.18 | 14 | do |
| | | 23.06.18 | 12 | do |

| | | | | |
|---|---|---|---|---|
| 11 | 17 | 07.03.17 | 09 | do |
| 12 | 08 | 07.09.16 | 10 | നീലവില്ലള്ള മിനട്ട്സ് ഹാജരാക്കിയിട്ടില്ല. |

ബി) ഇതിനു പുറമെ തൻവർഷം യോഗം ചേർന്ന വിവിധ വർക്കിങ് ഗ്രൂപ്പ്,വികസന സെമിനാർ എന്നിവയിലെ താഴെ പറയുന്ന വിഷയങ്ങളിൽ യാതൊരു തീരുമാനവും എടുത്ത് നടപ്പാക്കിയിട്ടില്ല.

1)അങ്കണവാടിപ്രദേശത്ത് ആറു മാസം മുതൽ ആറു വയസ്സ് വരെയുള്ള 2472 കുട്ടികളുള്ളതിൽ അംഗനവാടികളിൽ നിന്നു പോഷകാഹാരം വാങ്ങുന്നവർ 761പേരാണ്. മൂന്നു വയസ്സിനും ആറു വയസ്സിനും ഇടയിലുള്ളവർ 1261 പേരാണ് ഉള്ളത്. എന്നാൽ 277പേർ മാത്രമാണ് അങ്കണവാടികളിൽ വരുന്നവർ. അങ്കണവാടികളിലേയ്ക്ക് ഗ്രാമപഞ്ചായത്തിലെ മുഴുവൻ വിദ്യാർത്ഥികളെയു ആകർഷിക്കാനുള്ള നടപടികളൊന്നും കൈകൊണ്ടിട്ടില്ല.

2)ബാലസഭ കുട്ടികൾക്ക് സ്പോർട്സ് , ബാൻറ് പരിശിലനം,മറ്റ് കലാകായിക പരിശിലനങ്ങൾ എനനിവയൊന്നു നടപ്പാക്കിയിട്ടില്ല

3)തൻവർഷം കുട്ടികൾക്കുള്ള ഗ്രാമസഭ കൂടിയതായി കാണുന്നില്ല.

4)ഗ്രാമപഞ്ചായത്തിൽ കൗൺസിലിംഗ് സെന്റർ നടപ്പിലാക്കുന്നതിൽ തിരുമാനം എടുത്തിട്ടില്ല.

5)വൃദ്ധർക്ക് പോഷകാഹാരം,ക്ഷേമകേന്ദ്രം ,ടി.വി,പത്രം എന്നിവ എന്നിവ നടപ്പാക്കിയിട്ടില്ല

6)അഗതി ആശ്രയ കുടുംബത്തലെകുട്ടികൾക്ക് പഠനോപകരണങ്ങൾ നൽകുന്നതിൽ ശ്രദ്ധ ചെലുത്തിയിട്ടില്ല.

7)ഭിന്നശേഷിക്കാർക്ക് വേണ്ടി പ്രത്യേക (നിലവിലുള്ളതിൽ നിന്നു വ്യത്യസ്ഥമായ) പദ്ധതികളൊന്നു നടപ്പാക്കിയിട്ടില്ല

8)പൊതു ഇടങ്ങൾ ഭിന്നശേഷി സൗഹ്യദമാക്കുന്നതിനുള്ള നടപടികളൊന്നു സ്വീകരിച്ചിട്ടില്ല

9)അങ്കണവാടികളിൽ കുട്ടികളെ എത്തിക്കുന്നതിനും കൊഴിഞ്ഞുപോക്ക് തടയുന്നതിനും രക്ഷിതാക്കളെയും പൊതുജനങ്ങളെയും വിദഗ്ദരെയും ഉൾപ്പെടുത്തി ബോധവല്ക്കരണ കമ്മിറ്റി രൂപീകരിക്കുന്നതിൽ ശ്രദ്ധ ചെലുത്തിയിട്ടില്ല

വർക്കിങ്ഗ്രൂപ്പ് അംഗങ്ങൾ വികസന പ്രശ്നങ്ങളെ ശാസ്ത്രീയമായി മുൻഗണനാ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അപഗ്രഥിച്ച് പരിഹാരനിർദ്ദേശങ്ങൾ നിർദ്ദേശിക്കുന്നതിൽ ജാഗ്രത കാണിച്ചിട്ടില്ല. തികഞ്ഞ മുൻകാഴ്ചപ്പാടോടെ ആസൂത്രണ പ്രക്രിയയിൽ ആവശ്യമായ മാറ്റം വരുത്തിയിട്ടില്ല.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച തീയതി | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 25.03.2017 | 1000000 | പൊതു ശ്മശാനം നിർമ്മാണം | 1000000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 23.09.2017 | 1000000 | പൊതു ശ്മശാനം നിർമ്മാണം | 1000000 | 0 |
| ജില്ലാ പഞ്ചായത്ത് | 25.10.2017 | 170000 | ക്ഷീരസംഘങ്ങളിലെ കർഷകർക്ക് പാലിന് സബ്സിഡി(വനിത) | 170000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 30.11.2017 | 650000 | ക്ഷീരസംഘങ്ങളിലെ കർഷകർക്ക് പാലിന് സബ്സിഡി(വനിത) | 650000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 30.11.2017 | 850000 | ക്ഷീരസംഘങ്ങളിലെ കർഷകർക്ക് പാലിന് സബ്സിഡി | 850000 | 0 |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 25.10.2017, 14.03.2017 | 1100000 | ക്ഷീരസംഘങ്ങളിലെ കർഷകർക്ക് പാലിന് സബ്സിഡി | 1100000 | 0 |
| ജില്ലാ പഞ്ചായത്ത് | 20.10.2017 | 200000 | ക്ഷീരഗ്രാമം വനിത | 200000 | 0 |
| ജില്ലാ പഞ്ചായത്ത് | 28.02.2018 | 34000 | ക്ഷീരഗ്രാമം വനിത | 28900 | 5100 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വർഷം/ ബിൽ നം.തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | സൂപ്പർ എം.ആർ.എഫ്. ഇലക്ട്രിഫിക്കേഷൻ | 2017-18/ 08.03.18 | 535000 | 0 | 535000 |
| കേരള വാട്ടർ അതോറിറ്റി | വാട്ടർ സപ്ലൈ- ക്രിമിറ്റോറിയം | 2017-18/ 23.03.18 | 875000 | 0 | 875000 |
| പി.ഡബ്ല്യൂ.ഡി ഇലക്ട്രിക്കൽ സെക്ഷൻ | പഞ്ചായത്ത്ഓഫീസ് ഇലക്ട്രിഫിക്കേഷൻ | 2017-18/ 23.03.18 | 280000 | 0 | 280000 |
| പി.ഡബ്ല്യൂ.ഡി ഇലക്ട്രിക്കൽ സെക്ഷൻ | ചേപ്പിലംകോട് സാംസ്കാരിക നിലയം വൈദ്യുതീകരണം | 2017-18/ 27.03.18 | 50000 | 0 | 50000 |
| പി.ഡബ്ല്യൂ.ഡി ഇലക്ട്രിക്കൽ സെക്ഷൻ | പഞ്ചായത്ത്ഓഫീസ് ഇലക്ട്രിഫിക്കേഷൻ | 2017-18/ 27.03.18 | 50625 | 0 | 50625 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | തൻവർഷം എടുത്ത വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ എം എസ് ഭവന വായ്പ | 533/2010/18 തീയതി- 18.02.2010 | 0 | 1500665 | 1000000 | 0 | 500665 |

## 4-5 സ്ഥിരനിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 9300 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2002-03 | 3-2 | 4500 | ഷിഹാബുദ്ദീൻ | 117070109197/12.3.2018 |
| 2016-17 | 3-5 | 2400 | പ്രകാശൻ.പി.എം, FTS | 117070109301/15.3.2018 |
| 2016-17 | 3-5 | 2400 | ഷെർലി ജെറി, FTS | 117070109494/21.3.2018 |
| ആകെ | | 9300 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | | 2001-02 | 11.5 | വായ്പ കുടിശ്ശിക | ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകി |
| 2000-01 | 29 | 2003-04 | 11.13.7.19 | നികുതി പിരിവിൽ അലംഭാവം | ലഭ്യമല്ല |
| 2001-02 | 3-1 | 2005-06 | 2.70.1.9.11 | തൊഴിൽരഹിതവേതനം- അപേക്ഷകൾ തീർപ്പാക്കിയിട്ടില്ല | ഒഴിവാക്കാൻ ശുപാർശ |
| 2002-03 | 3-2 | 2005-06 | 2.70.1.4.3 | ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല | ഓഡിറ്റ് പരിശോധിച്ച് തടസ്സം നീക്കാൻ ശുപാർശ |
| 2002-03 | 3-25 | 2005-06 | 2.70.1.3.2 | തൊഴിൽപരിശീലന പദ്ധതികൾ-പരാജയം | ഒഴിവാക്കാൻ ശുപാർശ |

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നം | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ | ചാർജ് സർട്ടിഫിക്കറ്റ് | സ്വയം അടവാക്കിയ തുക (രസീത് | റവന്യൂ റിക്കവറി നടപടിയിലൂടെ | കോടതി വ്യവഹാരങ്ങളിൽ | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|

| | | | പേര്, ഔദ്യോഗിക സ്ഥാപനം. ഭരണ വകുപ്പ് | നമ്പരും തീയതിയും | തുക | നം./ തീയതി) | ഈടാക്കിയ തുക (തീയതി) | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | ബാധ്യത | |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| ഇല്ല. | | | | | | | | | | | | |

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാപനം. ഭരണവകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നം./ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| ഇല്ല. | | | | | | | | | | | | |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 80452960 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 92953061 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 377300 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 999383 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും മേൽവിലാസവും |
|---|---|---|
| 3-4 | 22500 | നിമ്മി.കെ,അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-12 | 49800 | ഡോ.സിൽവിയ,മെഡിക്കൽ ഓഫീസർ (അലോപ്പതി) |
| 3-15 | 5000 | ഡോ.സിൽവിയ,മെഡിക്കൽ ഓഫീസർ (അലോപ്പതി) |
| 3-16 | 300000 | മെഹറുന്നീസ,ഹെഡ് മാസ്റ്റർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-8 | 915625 | എൻ.വി.ജോസഫ്,സെക്രട്ടറി |
| 3-13 | 83758 | ഡോ.സിൽവിയ,മെഡിക്കൽ ഓഫീസർ (അലോപ്പതി) |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | നിലവിലെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| നിമ്മി.കെ<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ ,<br>എൽ.സി.ജി.ഡി | കാരിപ്പാൽ<br>വീട്,പന്തീരാങ്കാവ്.പി.ഒ,<br>കോഴിക്കോട് |
| ഡോ.സിൽവിയ<br>മെഡിക്കൽ ഓഫീസർ<br>(അലോപ്പതി) | മെഡിക്കൽ ഓഫീസർ (അലോപ്പതി)<br>പി.എച്ച്.സി. തിരുവമ്പാടി | ദീപ ഹൗസ്,എണ്ണമ്പലത്ത്<br>ചേവായൂർ,<br>കോഴിക്കോട് |
| മെഹറുന്നീസ<br>ഹെഡ് മാസ്റ്റർ | ഹെഡ്<br>മാസ്റ്റർ,ജി.എൽ.പി.എസ്,കക്കാട് | വെസ്റ്റ് പാർക്ക് ഹൗസ്,<br>ചേന്ദമംഗല്ലൂർ(പി.ഒ) 673602 |

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/ തടസ്സപ്പെടുത്തിയതിന് ഉത്തരവാദികളായവരുടെ പേരുവിവരം

| പേരും ഉദ്യോഗപ്പേരും | നിലവിലെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| എൻ.വി.ജോസഫ്,സെക്രട്ടറി | സെക്രട്ടറി,തിരുവമ്പാടി<br>ഗ്രാമപഞ്ചായത്ത് | നടുവിലേടത്ത് ഹൗസ്,<br>മുറമ്പാത്ത്,കോടഞ്ചേരി |
| ഡോ.സിൽവിയ<br>മെഡിക്കൽ ഓഫീസർ<br>(അലോപ്പതി) | മെഡിക്കൽ ഓഫീസർ (അലോപ്പതി)<br>പി.എച്ച്.സി. തിരുവമ്പാടി | ദീപ ഹൗസ്,<br>എണ്ണമ്പലത്ത്<br>ചേവായൂർ,<br>കോഴിക്കോട് |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | ഖണ്ഡിക നം. |
|---|---|---|---|
| 1988-89<br>1989-90 | കെ.എസ്.എ.<br>കെകെഡി.പി1/ 837/2018<br>/05.05.18 | 1 | 17 |
| 1990-91<br>1991-92 | കെ.എസ്.എ.<br>കെകെഡി.പി1/ 837/2018<br>/05.05.18 | 1 | 5 |
| 1999-00 | കെ.എസ്.എ.<br>കെകെഡി.പി1/ 837/2018<br>/05.05.18 | 4 | 33,40,50,51 |
| 2000-01 | കെ.എസ്.എ.<br>കെകെഡി.പി1/ 837/2018<br>/05.05.18 | 1 | 13(b) |
| 2001-02 | കെ.എസ്.എ.<br>കെകെഡി.പി1/ 837/2018<br>/05.05.18 | 2 | 30,35(2) |

| | | | |
|---|---|---|---|
| 2002-03 | കെ.എസ്.എ. കെകെഡി.പി1/ 837/2018 /05.05.18 | 8 | 2-1, 3-1, 3-2, 3-13, 3-14, 3-18, 3-20 |
| 2003-04 | കെ.എസ്.എ. കെകെഡി.പി1/ 837/2018 /05.05.18 | 3 | 3-1,4-3, 4-4 |
| 2004-05 | കെ.എസ്.എ. കെകെഡി.പി1/ 837/2018 /05.05.18 | 1 | 3-3 |
| 2005-06 | കെ.എസ്.എ. കെകെഡി.പി1/ 837/2018 /05.05.18 | 1 | 3-12 |
| 2006-07 | കെ.എസ്.എ. കെകെഡി.പി1/ 837/2018 /05.05.18 | 10 | 2-6, 2-8, 2-9, 3-4, 3-9, 3-12, 3-13, 3-14, 3-15, 3-16 |
| 2007-08 | കെ.എസ്.എ. കെകെഡി.പി1/ 837/2018 /05.05.18 | 15 | 2-3(4), 2-13, 3-4, 3-8, 3-9, 3-10, 3-12, 3-13, 3-14, 3-16, 3-17, 3-25, 3-26, 3-30, 3-34 |
| 2008-09 | കെ.എസ്.എ. കെകെഡി.പി1/ 837/2018 /05.05.18 | 7 | 3-2,3-3, 3-5, 3-7, 3-10, 3-11, 4-3 |
| 2009-10 | കെ.എസ്.എ. കെകെഡി.പി1/ 837/2018 /05.05.18 | 4 | 3-1,3-2,3-3, 3-4 |
| 2010-11 | കെ.എസ്.എ. കെകെഡി.പി1/ 745/2017 /15.05.17 | 15 | 1-1, 1-3, 2-4(1),(2), (3), 2-7, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 4-3, 4-7 |
| 2011-12 | എൽഎഫ് കെകെഡി. പി1/1555/14 31.10.14 | 23 | 1-3, 1-5, 1-6, 2-2, 2-3, 2-5, 2-8, 2-9, 2-11, 3-3, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 4-1, 4-2, 4-6, 4-7 |
| 2012-13<br>2013-14 | കെഎസ്എ കെകെഡി. പി1/610/16/15.05.2017 | 25 | 1-5, 2-1(2), 2-2, 2-3,3-1, 3-2, 3-3, 3-5, 3-8, 3-10, 3-12, 3-13, 3-14, 3-15, 3-17, 3-18, 3-20, 3-21, 3-22, 3-23, 3-24, 3-25, 3-26,3-27,3-30 |
| 2014-15 | കെഎസ്എ കെകെഡി. പി1/1772 /2016/23.04.2018 | 11 | 2-1,2-2(2), 3-1, 3-2(1),3-5, 3-6, 3-7(1),(3), 4-9 |
| 2015-16 | കെഎസ്എ കെകെഡി. പി1/549/2017/25.04.2018 | 16 | 2-1, 2-2, 2-5(1),2-6(1), 3-4 (2),(3),(5), 3-5, 3-8, 3-12, 3-13(2),(3),(4), (5), 3-17, 3-19 |
| 2016-17 | കെഎസ്എ കെകെഡി. പി1/79/2018/25.04.2018 | 30 | 2-1(1), (3),(5),(6),(7), 2-4(1), 2-5(1), (2), 2-6, 3-1, 3-2(1), |

| | | | |
|---|---|---|---|
| | | | (2),3-3, 3-4,3-7, 3-9, 3-11, 3-12,3-13, 3-14(2), 3-15, 3-16, 3-17, 3-20, 3-21, 3-24, 3-25, 3-26, 4-9 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

## അനുബന്ധം 1

### ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ/കെ.കെ.ഡി/പി.1/1961/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ല ഓഡിറ്റ് കാര്യാലയം
സിവിൽ സ്റ്റേഷൻ, കോഴിക്കോട്
ഫോൺ - 0495-2371012

തീയ്യതി- 17.10.2018

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ, വകുപ്പ് 215(6),2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കോഴിക്കോട് ജില്ലയിലെ തിരുവമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികപരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ല ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.